


# സഹദാ

St. George Forane Church, Edappally
Vol. 14 Issue 1 January - March 2019 PARISH BULLETIN




AJINORAH
Global Ventures
100% RESULTS GUARANTEED!
OET
IELTS
100% SATISFACTION GUARANTEE
HAAD, DHA,
PROMETRIC,
MOH, BLS, NCLEX-RN,
CRNE, ACLS, ECG, CBT
Certified and Experienced Trainers
Hotline : 91 97425 03840
CLASSES: MORNING | EVENING | REGULAR | WEEKEND
AJINORAH INSTITUTIONS
KOZHIKODE
YMCA Cross Road, Near KSRTC Bus Stand, Kozhikode - 673004
KOCHI
Near St. George Forane Church, Edappally, Kochi - 682024
KOTTAYAM
Ajinorah Jn., Manarcad, Kottayam - 686019
+91 9400455750 | +91 7907743593 | +91 9633083309



# സഹദാ


പാരിഷ് ബുള്ളറ്റിൻ
ജനുവരി - മാർച്ച് 2019
Vol. 14, Issue 1



സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്
ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 2344538

Fax: 914842535538

edappallyvicar@gmail.com

Website: www.edappallystgeorge.org

parishbullettinsahada@gmail.com



**രക്ഷാധികാരി**
റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം

**ചീഫ് എഡിറ്റർ**
ഫാ. ജിന്റൊ പടയാട്ടിൽ

**അസോസിയേറ്റ് എഡിറ്റർ**
ഫാ. ജിന്റൊ കലയത്തിനാംകുഴി

**എഡിറ്റോറിയൽ ബോർഡ്**
സി. ലിയോ SABS (സഹദ കലണ്ടർ)
ജോസഫ് കരോട്ടത്തയ്യിൽ, വൈസ് ചെയർമാൻ
(കുടുംബ കൂട്ടായ്മ വിവരങ്ങൾ)
റിജിൻ ജോൺ അയിലാറ്റിൽ (ഡിജിറ്റൽ മീഡിയ)
ജോ മാത്യു തോട്ടാപ്പള്ളി, ട്രഷറർ

**രചന/പരസ്യം/പ്രസ്സ്**
ജോസ് മഞ്ഞില
ബിനു ജോർജ്ജ് തായങ്കേരി
ജോണി വർക്കി കിഴുപ്പള്ളി
തോമസ് സ്രാമ്പിക്കൽ
ബാബു വർഗ്ഗീസ് വലിയകട്ടയിൽ
റാണി സെബാസ്റ്റ്യൻ തെക്കേത്തല
ലിജോ ജോർജ്ജ് നടുവിലപ്പറമ്പിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**
ജനനം, മരണം, മാമ്മോദീസ, വിവാഹം, തിയതികൾ

**ഉപദേശകസമിതി**
മാർട്ടിൻ കണ്ടത്തിൽ
ജോയി പള്ളിപാടൻ

**ഡിസൈൻ & പ്രിന്റ്**
ഡോൺ ബോസ്കോ ഇഗാക്റ്റ്
വെണ്ണല, കൊച്ചി - 28
ഫോൺ: 0484 280 6411



ഇടയമൊഴി....04
ആത്മാവിൽ നിറഞ്ഞൊരു ആത്മീയ ജീവിതം....06
വഴിവിളക്കുകൾ....07
കുടുംബകൂട്ടായ്മകളും ചില പുതുവർഷ ചിന്തകളും....08
അമ്മയുടെ ദുഃഖം....09
കാത്തിരിപ്പ്....10
അണ്ണാറക്കണ്ണനും തന്നാലായത്....15
ഓർമ്മകളിലൂടെ....17
വികസന പാന്ഥാവിലൂടെ....18
ചില നോമ്പുകാല ചിന്തകൾ....19
പ്രത്യാശയുടെ 2019....21
ക്യാൻസർ....22
ഓർമ്മിക്കുക ഈ ദിനങ്ങൾ....26
വിവാഹവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ....43
ലോഗോസ് ക്വിസ് റിസൾട്ട് 2018....44
മദേഴ്സ് കോർണർ....45
പുതുജീവനേകാൻ....45
ഇടവക വാർത്തകൾ....46
കുടുംബയൂണിറ്റ് വാർത്തകൾ....47
ചെറുപുഷ്പ മിഷൻലീഗ്....49
ഞങ്ങൾ വരവായി....59
ഞങ്ങൾ ഒന്നായി....60
പിതാവിന്റെ പക്കലേക്ക്....61
ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ....62
സഹദ കലണ്ടർ....65



ഇടയമൊഴി

# വീടു പണിയുമ്പോൾ...

ദുഃഖ വെള്ളിയാഴ്ച പള്ളിയിൽ വരുന്ന ആളുകളുടെ എണ്ണം നോക്കി എങ്ങും പള്ളി പണിയാറില്ല. അത് ആണ്ടുവട്ടത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന കാര്യമാണ്. ഇടവകയിലെ കുടുംബങ്ങളുടെ എണ്ണം, ഞായറാഴ്ച കുർബാനകളുടെ എണ്ണം, ഇടവകയിൽ പുതുതായി കുടുംബങ്ങൾ വരാനുള്ള സാധ്യത എല്ലാം നോക്കിയാണ് എത്ര വലിപ്പമുള്ള പള്ളി പണിയണം എന്നു നിശ്ചയിക്കുക. ആണ്ടിൽ ഒരാവശ്യം വരും എന്നു കരുതി നമ്മളാരും വലിയ ഹാൾ പണിതിടാറില്ല. അങ്ങനെ പണിയുന്നെങ്കിൽ തന്നെ അത് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനാകുമോ, ആർക്കൊക്കെ അതുകൊണ്ട് ഗുണം കിട്ടും എന്നൊക്കെ ചിന്തിക്കേണ്ടിവരും.

ഇതൊക്കെ തന്നെയാണ് വീട് പണിയുമ്പോഴും നമുക്കുണ്ടാകേണ്ട ചിന്ത. പണിയുന്ന വീടിന് എത്ര വലിപ്പം വേണം, എത്ര മുറികൾ വേണം എന്നതിനെക്കുറിച്ചെല്ലാം നമുക്കു കൃത്യമായ രൂപമുണ്ടാകണം. ഒന്നോ രണ്ടോ മക്കളുള്ള മാതാപിതാക്കൾ അഞ്ചെട്ടു മുറികളുള്ള വീടുകൾ പണിയുമ്പോൾ അവർ എന്താണു ലക്ഷ്യം വയ്ക്കുന്നതെന്നറിയില്ല. ജീവിതത്തിലൊരിക്കൽ മക്കളുടെ ആവശ്യങ്ങൾ വരുമ്പോഴുള്ള ആളുകളെ ഉൾക്കൊള്ളാനാകാം, അതല്ലെങ്കിൽ തങ്ങൾ വലിയവരാണെന്ന് കാണിക്കാനാകാം അങ്ങനെ ചെയ്യുന്നത്. വെഞ്ചരിപ്പിന്റെ അന്നു തുറന്നിട്ട് പിന്നെ ഇതുവരെ തുറക്കേണ്ടിവരാത്ത ആ വീട്ടിലെ പല മുറികളും ധൂർത്തിന്റെ പര്യായമാകും.

വിരോധാഭാസമെന്നു പറയട്ടെ, മക്കളേറെയുള്ള കുടുംബത്തിന് താമസിക്കാൻ മുറികളില്ല; മുറികളേറെയുള്ള വീടുകളിൽ താമസിക്കാൻ കുട്ടികളുമില്ല. അഞ്ചു മുറികളുള്ള വീട്ടിൽ താമസിക്കാൻ "കഷ്ടിച്ച്" രണ്ടു കുട്ടികൾ മാത്രമുള്ളപ്പോൾ രണ്ടു മുറിയും അടുക്കളയുമുള്ള വീട്ടിൽ താമസിക്കുവാൻ നാലഞ്ചു മക്കൾ. നമ്മുടെ കണ്ണു തുറപ്പിക്കേണ്ട സാഹചര്യമാണിത്. വലിയ വീടു വെച്ചതുകൊണ്ടുള്ള കുറ്റപ്പെടുത്തലല്ല, ഒരു കൂരപോലും വയ്ക്കാൻ നിവൃത്തിയില്ലാത്തവർ ചുറ്റുമുണ്ട് എന്ന ഓർമ്മപ്പെടുത്തലാണിവിടെ ഉദ്ദേശിക്കുക. രണ്ടു കൊച്ചുമുറികളുള്ള ഒരു വീടെങ്കിലും കിട്ടാൻ കാത്തിരിക്കുന്നവരുണ്ടിവിടെ. അവരൊക്കെ അഭിമാനം കാരണം ദാരിദ്ര്യം അറിയിക്കുന്നില്ലെന്നു മാത്രം.

കുട്ടികൾ രണ്ടുമതി, ഒന്നുമതി എന്നൊക്കെ സർക്കാർ പറഞ്ഞു പഠിപ്പിക്കാൻ തുടങ്ങിയിട്ട് വർഷങ്ങ

ളായി. കുട്ടികൾ കൂടിപ്പോയാൽ ജോലിയില്ല, പഠിക്കാനും ജോലിക്കുമൊന്നും സംവരണമില്ല, റേഷനില്ല, വോട്ടവകാശമില്ല,. നിയമസഭയിലേയ്ക്കോ ലോകസഭയിലേയ്ക്കോ മത്സരിക്കാൻ പറ്റില്ല - ഒരു ചുമട് ശിക്ഷണ നടപടികൾ നടപ്പിലാക്കാൻ പടവാളോങ്ങി നിൽക്കുന്നു. ഒരു കുട്ടിയും രണ്ടു കുട്ടിയും മാത്രമുള്ളതിന്റെ ദൂഷ്യവശങ്ങൾ അറിയാനിരിക്കുന്നതേയുള്ളു. അങ്ങനെയുള്ളിടത്തെ മാതാപിതാക്കൾ അനുഭവിക്കുന്ന മാനസികസംഘർഷം ചില്ലറയല്ലന്ന് "ഇന്നു" പരക്കെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒരു കുട്ടിയുടെ എല്ലാ കാര്യങ്ങളും നോക്കുകയാണ് ഏറെ കുട്ടികളുടെ ഏതാനും കാര്യങ്ങൾ നോക്കുക എന്നതിനേക്കാൾ പ്രയാസം എന്ന് ഏതാണ്ട് ബോദ്ധ്യമായിക്കഴിഞ്ഞു. ഒരു കുട്ടിയുടെ എല്ലാ കാര്യങ്ങളും നോക്കിയിട്ട് അവനിൽ നിന്ന് തങ്ങൾക്ക് വാർദ്ധക്യത്തിൽ സംരക്ഷണം കിട്ടും എന്ന പ്രതീക്ഷയ്ക്ക് വകയില്ലെന്ന മാനസികാവസ്ഥയിലായി ഏതാണ്ട് എല്ലാ മാതാപിതാക്കളും തന്നെ.

സർക്കാർ കൊച്ചുകുടുംബം നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ഇത്ര വലിപ്പത്തിൽ/ചതുരശ്രമീറ്ററിൽ കൂടുതൽ വലിയ വീടു പണിതുകൂടാ എന്നു നിർബ്ബന്ധിക്കാൻ കൂടി ശ്രമിച്ചിരുന്നെങ്കിൽ ധൂർത്തിനുള്ള പ്രചോദനം മാറി കിട്ടിയാനെ. സ്കൂളുകളിൽ യൂണിഫോം നിർബ്ബന്ധമാക്കിയപ്പോൾ അവിടെയെങ്കിലും വേഷഭൂഷാധികൾക്ക് പണം അധികം ചിലവഴിക്കാതെയായി. പാവപ്പെട്ട കുട്ടികൾക്ക് ഉണ്ടാകാവുന്ന അപകർഷതാബോധം അവിടെ ഒഴിവാക്കാനും കഴിഞ്ഞു. അതു തന്നെയാണ് വീടു വയ്ക്കുമ്പോഴും ഉണ്ടാകേണ്ടത്. അത്യാവശ്യ വലിപ്പവും അത്യാവശ്യം ഭംഗിയും ആണ് അഭികാമ്യം. അപ്പോൾ ആരുമാരും അസൂയോയടെ നോക്കില്ല. മറ്റുള്ളവർ അസൂയയോടെ നോക്കുന്ന നേട്ടങ്ങളെ നേട്ടങ്ങളാകൂ എന്ന ചിന്ത വരുത്താനാണ് പരസ്യങ്ങൾ ശ്രമിക്കുക.

മറ്റുള്ളവർക്കൊപ്പമെത്താൻ വേണ്ടി അമിത പലിശയ്ക്ക് പണമെടുത്ത് വലിയ വീടു പണിത്, ജീവിതകാലം മുഴുവൻ ലോൺ തുക അടച്ച് സ്വന്തമല്ലാത്ത വീട്ടിൽ കിടന്ന് മരിക്കുന്നവരുണ്ട്. ലോൺ അടച്ചു കഴിയുമ്പോഴല്ലേ വീട് സ്വന്തമാകൂ. അടുത്തിടെ ഫേയ്സ് ബുക്കിൽ കണ്ട ഒരു പോസ്റ്റ് ശ്രദ്ധിക്കൂ.

മൂന്നുപേർക്കുറങ്ങുവാൻ
മുക്കോളം കടംവാങ്ങി
നാലാളുകാണുവാൻ
പണിയുമവനൊരു മണിമാളിക.
പിന്നെയാ കടമൊന്നു
വീട്ടാനവൻ നെട്ടോട്ടമോടിടും
മരണം വന്നു മൂക്കിൽ
പഞ്ഞികേറ്റും വരെ.

വലിയ വീടു പണിയാനുള്ള പ്രേരക ശക്തി അയൽപക്കത്തെ വലിയ വീടുകളാണ്. പരസ്യങ്ങളുടെ മാസ്മരവലയത്തിൽ വീഴാതെയും, വല്ലവരുടെയും വീടിന്റെ വലിപ്പം നോക്കാതെയും അവരവരുടെ ആവശ്യത്തിന് പറ്റിയ വീടുകൾ പണിയാൻ പഠിക്കണം. കൊച്ചു വീടാണെങ്കിലും കടമില്ലാത്ത സ്വന്തം വീടാണ് നല്ലത്. സുഖവും മനസ്സമാധാനവും ലഭിക്കുകയും ചെയ്യും.

വീട് വീടായി നിന്നിട്ടു കാര്യമില്ല. അതു കുടുംബമാകണം. വീടുപണിയാൻ ആർക്കും സാധിക്കും; പണമുള്ളവർക്ക് എളുപ്പം സാധിക്കും. പണമില്ലാത്തവരെ വലിയ വീടുകളിൽ പാർപ്പിക്കാൻ നമ്മളെക്കാൾ ആവേശത്തോടെയും ആഗ്രഹത്തോടെയും ലോൺ ഏജൻസികൾ ഉണ്ട്. അതുകൊണ്ട് സ്വപ്നത്തിൽ കാണുന്ന വീടുകൾ പോലും ഇന്ന് യാഥാർത്ഥ്യമാക്കാം. പക്ഷെ അതുകൊണ്ടായില്ലല്ലോ, നമുക്കു വേണ്ടത്, നല്ല വീടുകളല്ല, നല്ല കുടുംബങ്ങളാണ്. 'കുടുംബത്തിൽ പിറന്നവരാകണം' എന്ന ചൊല്ലുതന്നെയുണ്ട്. ഒരു കാലത്ത് കുടുംബങ്ങളിലേയ്ക്ക് കെട്ടിച്ചുവിടാനും കുടുംബങ്ങളിൽ നിന്നു ബന്ധം പിടിക്കാനും ശ്രദ്ധിച്ചിരുന്നു. അതിന്റെ ഒരു മഹിമയും അവിടത്തെ കുടുംബാംഗങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് കുടുംബമഹിമയേക്കാൾ പണത്തിന്റെ നിറവിലേയ്ക്ക് കൊടുക്കാനും അവിടെ നിന്ന് ബന്ധം പിടിക്കാനുമാണിഷ്ടം. അതിന്റെ കുറവും വീടുകളിൽ കാണാം. സ്വഭാവത്തിന്റെ വൈശിഷ്ട്യമാണ് കുടുംബത്തിന്റെ മഹിമ. അതു പണം കൊടുത്തു വാങ്ങാവുന്നതല്ല എന്നും ഓർക്കുക.

സ്നേഹപൂർവ്വം
**ഫാ. കുര്യാക്കോസ് ഇരവിമംഗലം**
നിങ്ങളുടെ വികാരിയച്ചൻ



# ആത്മാവിൽ നിറഞ്ഞൊരു ആത്മീയ ജീവിതം.....

*ഏവർക്കും പുതുവത്സരാശംസകൾ*

2018 ഒരു ഓർമ്മയായി. 2019 പുത്തൻപ്രതീക്ഷ കൾ നൽകിക്കൊണ്ട് സമാഗതമായി. ഒട്ടേറെ വലിയ പ്ര തിജ്ഞകൾ എടുത്ത് ഒന്നും നിറവേറ്റാതെ പോകുന്ന ഒരു വർഷമാകരുത് ഈ പുതുവർഷം. ചെറിയ പ്രതി ജ്ഞകൾ വലിയ വിശ്വസ്തതയോടെ നമുക്ക് സ്വീക രിക്കാം - നിറവേറ്റാം.

ആത്മാവിന്റെ ഉണർവിനായി - ആത്മാവിൽ നിറയാ നായി ഇതാ വീണ്ടുമൊരു നോമ്പുകാലവും ആഗത മാകുന്നു. "എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ! എന്ന് പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുന്ന ഗത്സമെനിലെ ഈശോയുടെ പീഡാ സഹനങ്ങളിൽ നമുക്കും പങ്കുചേരാം.

ദൈവസ്നേഹത്തിന്റെ തുടിപ്പുകൾ ഉൾക്കൊണ്ട് കൊണ്ട് ക്ഷമയുടെ താഴ്വരകളിലേക്ക് ഇറങ്ങിചെന്ന്, മരക്കുരിശിൽ മരണ തീവ്രതയിലും ശത്രുസ്നേഹ ത്തിന്റെ വലിപ്പം കാട്ടിത്തന്ന ഈശോയുടെ പ്രതിരൂപ മാകാൻ....

ഉത്ഥിതനായ ഈശോയിലുള്ള പ്രത്യാശയുടെ വാഹ കരാകാൻ...സ്വയം ശൂന്യമായവനെ ഹൃദയത്തിലെന്നും സ്വീകരിക്കാൻ... ആത്മാവിനേയും ശരീരത്തെയും ഇന്ദ്രിയങ്ങളെയും ഈ ലോകത്തിന്റെ ഉണർത്തുപാട്ടു കൾക്ക് വിട്ടു കൊടുക്കാതെ... പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പുതിയൊരു പെന്തക്കോസ്താനുഭവത്തി ലേക്ക് കടന്നുവരാൻ ഈ നോമ്പുകാലവും വിശുദ്ധ വാര തിരുകർമ്മങ്ങളും നമ്മെ സഹായിക്കട്ടെ.

അപരന്റെ നന്മയ്ക്കായ് മുറിയപ്പെടുമ്പോൾ ലഭി ക്കുന്ന സംതൃപ്തി ശേഖരിക്കാൻ നമ്മുടെ ഹൃദയ വയലുകളിൽ ഭിന്നതയുടെ അതിർവരമ്പുകൾ കെട്ടാ തിരിക്കാം. കുടുംബത്തിലും കുടുംബകൂട്ടായ്മകളിലും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും വിത്തു കൾ വിതക്കാൻ നമുക്ക് സാധിക്കട്ടെ. കഴിവുകളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും... കൂട്ടാ യ്മയുടെയും സഹകരണ മനോഭാവത്തിന്റെയും ശക്തി പ്രകടിപ്പിക്കുന്നതായിരിക്കട്ടെ ലളിതമായി നടത്തപ്പെ ടുന്ന നമ്മുടെ കുടുംബയൂണിറ്റ് വാർഷികാഘോഷങ്ങൾ.

അനുഗ്രഹസമ്പൂർണ്ണമായ ഒരു പുത്തൻ ആണ്ട് ഏവർക്കും ആശംസിക്കുന്നതോടൊപ്പം സർവ്വൈശ്വര്യ ങ്ങളും നല്ല തുമ്പുരാൻ എല്ലാവർക്കും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിൽ നവസൃഷ്ടി യായ് ആത്മാവിൽ നിറയാനുള്ള ആത്മദാഹത്തോടെ നമുക്കൊരുമിച്ച് മുന്നേറാം.

സ്നേഹത്തോടെ,

കൊച്ചച്ചൻ

**ഫാ. ജിന്റോ പടയാട്ടിൽ**



# വഴിവിളക്കുകൾ



നോമ്പിന്റെ ചൈതന്യത്തിൽ നിന്നും ഉയർപ്പിന്റെ പുലരിയിലേക്കുള്ള കാൽവെപ്പാണു ഓരോ ക്രൈസ്തവന്റെയും ജീവിതം. പിച്ചവെക്കുന്ന കുഞ്ഞിനെപ്പോലെ തമ്പുരാനിലേക്ക് നമുക്കും നടന്നടുക്കുവാനുള്ള സമയം വീഴ്ചകളെ ഓർത്ത് പരിതപിക്കാനും അനുതാപത്തോടെ തമ്പുരാനിലേക്ക് നടന്നടുക്കുവാനുമുള്ള സമയം. ഓരോ ചുവടും പ്രജാപതിയുടെ കൂടെ നടക്കാൻ നമ്മെ ഓർമ്മപ്പെടുത്തുന്ന കാലഘട്ടം കൂടിയാണിത്. കൂടെ നടക്കുക എന്നത് പ്രധാനപ്പെട്ട ഒരു ചിന്തയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ ദൈവത്തിന്റെ കൂടെ നടന്നവർക്കും വഴി മാറി നടന്നവർക്കും ഒക്കെ വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വന്നു. അതുകൊണ്ട് ദൈവത്തോടൊപ്പം നടക്കാൻ പ്രത്യേകിച്ച് ഈ നോമ്പുകാലഘട്ടം നമ്മെ ഓർമ്മപ്പെടുത്തുന്നു. നോമ്പുകാലം ഒന്നു മാറി ചിന്തിക്കാനും മാറി നടക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. താർഷീഷിൽനിന്നും നിനിവേയിലേക്കുള്ള ദൂരമാണു നോമ്പുകാലം. വഴി മാറിയവർക്ക് അനുതപിച്ചു തിരിച്ചുവരുവാനുള്ള സമയം. തിരികെ തമ്പുരാനിലേക്കു നടക്കുവാൻ ഈ കാലം നമ്മെ പ്രചോദിപ്പിക്കണം. താർഷീഷും നിനിവേയും ജീവിതത്തിലെ രണ്ടു തുരുത്തുകൾ മാത്രമല്ല; മറിച്ച് ജീവിതത്തിലെ ചില യാഥാർത്ഥ്യങ്ങളെ പച്ച കെടാതെ ഓർമ്മിക്കുവാനും ഇതു നമ്മെ പഠിപ്പിക്കുന്നു.


നോമ്പുകാലം നമ്മെത്തന്നെ വിശുദ്ധീകരിക്കാനുള്ള സമയം കൂടിയാണ്. ജോഷ്വായുടെ പുസ്തകത്തിൽ നാം വായിക്കുന്നു. നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക നാളെ നിങ്ങളുടെ ഇടയിൽ കർത്താവു അത്ഭുതം പ്രവർത്തിക്കും. ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിൽ കർത്താവു അധിവസിക്കും എന്ന സങ്കൽപം എത്രയോ ഭംഗിയായി ഇവിടെ അവതരിക്കപ്പെട്ടിരിക്കുന്നു. ശുദ്ധീകരണം ഉള്ളിൽ നടക്കേണ്ട പ്രക്രിയയാണ്. ഒരിക്കൽ ഒരു സന്യാസി ഗംഗാനദിയിൽ പോയി സ്നാനം ചെയ്തു ശാപമോക്ഷം നേടാനുള്ള തിരക്കിലായിരുന്നു. അദ്ദേഹം യാത്ര ചെയ്യവേ വഴിയിൽ വച്ച് തന്റെ ചെരുപ്പിന്റെ വള്ളിപൊട്ടുകയും അവിടെ അടുത്തുള്ള ഒരു ചെരുപ്പുകുത്തിയുടെ അടുത്തു ചെന്നു പൊട്ടിയ ചെരുപ്പു നന്നാക്കാൻ കൊടുത്തു. ശ്രദ്ധയോടെ ചെരുപ്പു തുന്നുന്ന ചെരുപ്പുകുത്തിയോട് സന്യാസി പരിഹാസത്തോടെ ചോദിച്ചു. ഗംഗാ നദിയിൽ പോയി ആ തീർത്ഥ ജലത്തിൽ സ്നാനം ചെയ്തിട്ടുണ്ടോ? ചെരുപ്പുകുത്തി പറഞ്ഞു ഇല്ല. സന്യാസി അദ്ദേഹത്തോടു ചോദിച്ചു. ഇവിടെ ഇങ്ങനെ ഇരുന്നു മറ്റുള്ളവരുടെ ചെരുപ്പും തുന്നി ജീവിച്ചു തീർക്കാനുള്ളതാണോ തന്റെ ജീവിതം? ആ ഗംഗാനദിയിൽ പോയി സ്നാനപ്പെട്ട് ശാപമോക്ഷം പ്രാപിച്ചുകൂടെ. ചെരുപ്പുകുത്തി അടുത്തിരുന്ന ഒരു പാത്രം ശുദ്ധജലം ചൂണ്ടികാണിച്ചു പറഞ്ഞു മനസ്സ് ശുദ്ധമാണെങ്കിൽ ഈ മരപാത്രത്തിലും ഗംഗയുണ്ട്. ആ സന്യാസി ചെരുപ്പുകുത്തിയുടെ മറുപടി കേട്ട് തിരികെ പോയി.

നമ്മുടെ ഹൃദയങ്ങൾ ഈ നോമ്പുകാലത്ത് വിശുദ്ധീകരിക്കപ്പെടട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ദൈവരാജ്യ നിർമ്മിതിക്കുവേണ്ടി നമ്മൾ എന്തു മാത്രം അദ്ധ്വാനിക്കുന്നുവെന്നു നമുക്കു ഈ കാലഘട്ടത്തിൽ ചിന്തിക്കാം. പകൽ മുഴുവൻ അദ്ധ്വാനിച്ചാണു രാത്രി നീ മിഴി പൂട്ടുന്നതെങ്കിൽ നിന്റെ സ്വപ്നത്തിൽ മാലാഖമാർ താരാട്ടു പാടുന്നതു നീ കേൾക്കും. ദൈവരാജ്യ നിർമ്മിതിക്കുവേണ്ടി നാം എത്ര മാത്രം അദ്ധ്വാനിച്ചു എന്നു നമുക്കു ചിന്തിക്കാം. നോമ്പുകാലം നമ്മുടെ പ്രാർത്ഥനയുടെ വേരുകൾ തമ്പുരാനിലേക്കു ആഴ്ന്നിരിക്കാനുള്ള സമയമാണ്. ആറിന്റെ തീരത്തു നട്ട വൃക്ഷത്തിന്റെ വേരുകൾ ജലാശയത്തിലേക്കു ഇറങ്ങുന്നതുപോലെ നമ്മിലെ പ്രാർത്ഥനയുടെ വേരുകൾ ദൈവത്തിങ്കലേക്ക് നമുക്കും ആഴ്ത്തിയിറക്കാം.

"തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ടമായ മുന്തിരിച്ചെടിയായാണു നിന്നെ ഞാൻ നട്ടത്. പിന്നെ നീ എങ്ങനെ ദുഷിച്ച് കാട്ടു മുന്തിരിയായിതീർന്നു?" ദൈവം തിരഞ്ഞെടുത്ത് ലോകത്തിലേക്ക് അയക്കപ്പെട്ടവരാണു നമ്മൾ ഓരോരുത്തരും. അതുകൊണ്ട് നമുക്കു നമ്മുടെ ജീവിത നിയോഗങ്ങളെ മറക്കാതിരിക്കാം... ഒരിക്കലും എണ്ണവറ്റാത്ത മൺചിരാതു പോലെ നമ്മുടെ ജീവിതം രൂപാന്തരപ്പെടട്ടെ ഈ നോമ്പുകാലത്തിൽ.....

കൊച്ചച്ചൻ

**ഫാ. ജിന്റോ കലയത്തിനാംകുഴി RCJ**



### വൈസ് ചെയർമാന്റെ കത്ത്

# കുടുംബകൂട്ടായ്മകളും ചില പുതുവർഷ ചിന്തകളും

ഒരു വർഷം കൂടി കടന്നുപോയി. 2018 ഈ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തെ നമ്മൾ അതിജീവിച്ച വർഷം. 2019 എന്ന പുതുവർഷത്തിന്റെ പ്രഭാതത്തിൽ പുതിയ പ്രതീക്ഷയുടെ പ്രഭാതകിരണങ്ങൾ ഏറ്റുവാങ്ങുകയാണ് നമ്മൾ. ഒരു വർഷം കൂടി നമ്മുടെ ജീവിതത്തോട് യാത്ര പറയുമ്പോൾ, സമയം എന്ന അനുഗ്രഹം ഇത്രയേറെ ഉദാരമായി നമുക്കു നൽകുന്ന സർവ്വശക്തന് ആദ്യമായി നന്ദി പറയാം.

2018-ലെ അതിജീവനം കൂട്ടായ്മയുടെ ഒരു കരുത്തു കൂടി ആയിരുന്നു. ആവശ്യം വന്നാൽ എല്ലാം മറന്ന് ഒന്നിക്കാൻ നമുക്ക് കഴിയുമെന്ന് നാം കാണിച്ചു കൊടുത്തു. എന്നാൽ, ഈ കൂട്ടായ്മക്ക് ഇന്ന് എന്തെങ്കിലും വിള്ളൽ സംഭവിച്ചോ, നമ്മുടെ സമൂഹത്തിൽ? ഉണ്ടെങ്കിൽ അത് നഷ്ടപ്പെടാതിരിക്കാൻ നാം പരസ്പരസ്നേഹവും, ആദരവും, ബഹുമാനവും ഐക്യവും സമൂഹത്തിൽ കാത്തു സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

കൂട്ടായ്മയുടെ ഏറ്റവും നല്ല ഉദാഹരണം അപ്പസ്തോലപ്രവർത്തനം 2.42ൽ ഇപ്രകാരം വിവരിക്കുന്നു. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു." ഈ കൂട്ടായ്മയുടെ ഒരു തുടർച്ചയാണ് നമ്മുടെ കുടുംബ കൂട്ടായ്മകൾ. എന്നാൽ, കൂട്ടായ്മയെ തകർക്കുന്ന പല പ്രവണതകളും ഇന്ന് കുടുംബങ്ങളിൽ നിലനിൽക്കുന്നു. ജീവിതവ്യഗ്രതയിൽ കുടുംബ പ്രാർത്ഥനകൾ കുറയുന്നുണ്ടോ? ഏതെങ്കിലുമൊരു നേരത്തെങ്കിലും കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കുന്നുണ്ടോ? ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരത്തിൽ കുടുംബാംഗങ്ങളെ ഒറ്റപ്പെട്ട തുരുത്തുകളിലേക്ക് നയിക്കുന്നില്ലേ? "എനിക്കുണ്ടൊരുലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം" എന്ന് ഒരു കവി പാടിയ കാവ്യശകലം ഇത്തരുണത്തിൽ ഓർത്തുപോകുന്നു.

ഇന്ന് വലിയൊരു ആത്മീയ മലിനീകരണം നമ്മുടെ സമൂഹത്തെ കാർന്നു തിന്നുന്നു. നവമാധ്യമങ്ങളുടെ കടന്നുകയറ്റം അതിശക്തമാണ് നമ്മുടെ സമൂഹത്തിൽ. ചിന്തകളെ മലിനപ്പെടുത്തുന്ന വാർത്തകളും വിവാദങ്ങളും ദൃശ്യങ്ങളും, തെറ്റും ശരിയും തിരിച്ചറിയാൻ പറ്റാത്തവിധം നമ്മേ സ്വാധീനം ചെലുത്തുന്നു. "പാപവും പുണ്യവും വേർതിരിച്ചറിയുന്ന ജ്ഞാനമായി നീ വരേണമേ" എന്ന് മാത്രം പ്രാർത്ഥിക്കുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളു ഈ സന്ദർഭത്തിൽ. നമ്മുടെ ജനങ്ങൾ മതനിരപേക്ഷതയുടെയും ഭൗതിക വാദത്തിന്റേയും വെല്ലുവിളികൾ ശക്തമായി നേരിടുന്നു. അന്തർദേശീയ തലത്തിൽ ഒരു ഏജൻസി നടത്തിയ (The Pew Forums Religions Landscape) പഠനം കാണിക്കുന്നത് നമ്മുടെ യുവജനങ്ങളുടെ ഇടയിൽ വിശ്വാസം ഇല്ലാത്തവരുടെ എണ്ണം പ്രതിവർഷം ഒരു ശതമാനം വീതം വർദ്ധിക്കുന്നു എന്നാണ്.

ക്രൈസ്തവ മൂല്യങ്ങൾക്ക് വിഘാതമാകുന്ന പല വിധിന്യായങ്ങളും കൂടുതൽ ആശങ്ക സൃഷ്ടിക്കുന്ന ഒരു സാഹചര്യം ഇന്നു നിലവിലുണ്ട്. ഇതിനെല്ലാമുപരിയായി ഒരു ന്യൂനപക്ഷ സമുദായമെന്ന നിലയിൽ ക്രൈസ്തവർ വളരെയധികം പ്രതിസന്ധികൾ ഈ കാലഘട്ടത്തിൽ നേരിടുന്നു. എന്തിന്, കുമ്പസാരമെന്ന കൂദാശ പോലും ചോദ്യം ചെയ്യപ്പെടുന്നു. നമ്മുടെ ഭരണഘടന നിർമ്മാണവേദിയിലൊക്കെ ഒരു ക്രിസ്തീയ ചൈതന്യം പകർന്നു നൽകാൻ സ്വാധീനിച്ചിരുന്നു. ഭരണഘടനയുടെ ആമുഖ കുറിപ്പിൽ കുറിച്ചു വച്ചിരിക്കുന്ന സത്യം, നീതി, തുല്യത, സാഹോദര്യം തുടങ്ങിയവ എല്ലാം നമുക്കു പകരാൻ കഴിഞ്ഞ സന്ദേശങ്ങളെ ഓർമ്മിപ്പിക്കുന്നു. അടുത്ത തലമുറ ക്രൈസ്തവമൂല്യങ്ങൾക്കനുസരണമായി വളരണമെങ്കിൽ അവർക്ക് നല്ലൊരു മാർഗ്ഗനിർദ്ദേശം നൽകാൻ നാം ബാദ്ധ്യസ്ഥരാണ്. ഇതിന് നമ്മുടെ കുടുംബ കൂട്ടായ്മകൾ സഹായകമാകണം.

നമ്മുടെ മാത്രമായിരുന്നു കുടുംബ കൂട്ടായ്മകളെ മാതൃകയാക്കി മറ്റു മതസ്ഥരും, നിരീശ്വര-ഈശ്വര പ്രസ്ഥാനങ്ങളും തങ്ങളുടെ ആശയ നിർവ്വഹണത്തിനായി ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നത് നമ്മുടെ കുടുംബ കൂട്ടായ്മകളുടെ സ്വീകാര്യതയും സ്വാധീനശക്തിയും വെളിവാക്കുന്നതാണ്. ഒരിടവകയെ യഥാർത്ഥത്തിൽ സ്നേഹ സമൂഹമാക്കി മാറ്റുന്നതിൽ കുടുംബ കൂട്ടായ്മകളുടെ സ്ഥാനം ഏറ്റവും ഉന്നതമാണ്. പരസ്പരം അറിയാനും, പങ്കുവയ്ക്കാനും സഭയെ കുറിച്ച് അറിയാനും ഉന്നത സഭാജീവിതത്തിന് ഉടമകളാകാനും ഒറ്റപ്പെട്ട തുരുത്തുകളിൽ നിന്ന് കൂട്ടായ്മയിലേക്ക് ഉയരാനും ശക്തി പകരുന്ന ഉണർവ്വിന്റെ കൊടുങ്കാറ്റായി മാറാൻ നമുക്കു പരിശ്രമിക്കാം. കുടുംബയൂണിറ്റ് മീറ്റിംഗുകളിൽ സജീവമായി പങ്കെടുക്കാം.

പുതുവർഷാരംഭത്തിൽ നടത്തുന്ന സാഹിത്യ-കലാമത്സരം നമ്മുടെ ഇടവകാംഗങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ നല്ല അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംരംഭമാണ്. അതിൽ നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. അതോടൊപ്പം, ഫെബ്രുവരി മാസത്തിൽ നാം ആഘോഷിക്കുന്ന ഉണ്ണിമിശിഹാ തിരുനാളിന്റെ ഭാഗമായി തിരുനാൾ പ്രസുദേന്തിമാരും മാതാപിതാക്കളും ഒരു ദിവസം കുട്ടികളുടെ ഒരു അനാഥാലയം സന്ദർശിച്ച് അവരുമായി ചെലവഴിക്കാൻ ആലോചിക്കുന്നു. പുതുവത്സരം ഇതുപോലെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു തുടക്കമാകട്ടെയെന്നും, കുടുംബങ്ങളിലെയും ഇടവകയിലേയും ആഘോഷങ്ങൾ ഇതുപോലെയുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിട്ടുള്ളതാകട്ടെയെന്നും പ്രത്യാശിക്കുന്നു.

ഏവർക്കും പുതവത്സരാശംകൾ

**ജോസഫ് കരോട്ടത്തയ്യിൽ**
വൈസ് ചെയർമാൻ



# അമ്മയുടെ ദുഃഖം

**ബിനു ജോർജ് തായങ്കേരി**
സഹദാ യൂണിറ്റ്

കന്യാമേരിതൻ കന്മഷമിയലാത്തതാം
വ്യാകുലഹൃദത്തിൻ ചൈതന്യമേ
നിന്നിലങ്കുരിച്ചൊരു വ്യഥിത ചിന്തകൾ
എൻ കൺകളിൽ ബിന്ദുക്കൾ പകർന്നിടുന്നു 1

തൻ ബാലകൻ താൻ കുഞ്ഞായിരിക്കുമ്പോൾ
ലാളിച്ചു സ്നേഹിച്ചുറക്കിയതും
താരാട്ടുപാടി അമ്മതൻ നിർമലസ്നേഹം
തൻ മകനിലേക്കു നൽകിയതും 2

പിന്നെയവൻ കൗമാരകാലത്തു ദൈവ-
സ്നേഹത്തിൽ ശക്തിപ്രാപിച്ചതും
പിന്നീടുള്ളതാം പല ജീവത്ഗതികളും
അവൾ തൻ ഹൃത്തിൽ ചോര പടർത്തുന്നു. 3

കുരിശിൽ നിന്നിറക്കി തൻ മടിത്തട്ടിൽ ശയിച്ചീടും
പുത്രനെ നോക്കി നിന്നീടിനാൾ
ദുഃഖം തുളുമ്പുന്നാ കണ്ണുകൾ ഏതോ മഹാ-
ശില്പി പണ്ടെങ്ങോ കൊത്തിവച്ചപോൽ 4

അഴലുകൾ തിങ്ങുമിരുട്ടിലും കാണുന്നു
വെൺതാരകങ്ങളാ മിഴികൾ ദ്വയത്തിലും
അമ്മതൻ കണ്ണീരുണങ്ങിയ വദനത്തിൽ
ഇന്നും തുടിക്കുന്നു സ്നേഹവിശ്വാസങ്ങൾ... 5

# കാത്തിരിപ്പ്

അനുദിന ജീവിതത്തിൽ കാത്തിരിപ്പ് ഒഴിച്ചു കൂടാനാവാത്ത ഒരു പ്രക്രിയയാണ്. ഒരു നിമിഷം മറ്റൊരു നിമിഷത്തിനുവേണ്ടി, ഒരു ദിവസം മറ്റൊരു നാളേക്കുവേണ്ടി, ഒരു വ്യക്തി മറ്റൊരു വ്യക്തിക്കുവേണ്ടി കാത്തിരിക്കുന്നു.

പ്രതീക്ഷയോടെയുള്ള കാത്തിരിപ്പ് സന്തോഷം നല്കുന്നു. സ്നേഹിക്കുന്നവർക്കുവേണ്ടിയുള്ള കാത്തിരിപ്പ് ആനന്ദം തരുന്നു. ഇഷ്ടവിഷയങ്ങൾക്കായുള്ള കാത്തിരിപ്പ് ജീവിതത്തിൽ ഭാരം കുറയ്ക്കുന്നു.

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ക്ഷമയുടെയും മനോഭാവമാണ് കാത്തിരിപ്പിൽ നമുക്ക് ഉണ്ടാകേണ്ടത്. കാത്തിരിപ്പിന്റെ മനോഭാവത്തെക്കുറിച്ച് "റീഡ് ഓഫ് ഗോഡിൽ" ഒരിക്കൽ പറഞ്ഞത് ഞാനും ഇതിൽ കൂട്ടിച്ചേർക്കുകയാണ്. രക്ഷകനായ യേശുവിനെ കാത്തിരിക്കുന്ന പരി. കന്യകാമറിയത്തിന്റെ കാത്തിരിപ്പിന് മൂന്ന് ഉപമാനങ്ങളിലൂടെ അവർ വിശദീകരിക്കുന്നു.

കാസ, പക്ഷിക്കൂട്, ഓടക്കുഴൽ. കാസ:- കുർബാനയിൽ വീഞ്ഞ് തിരുരക്തമായി മാറുന്നത് കാസയിലാണ്. ഒരു ലോഹകഷണം തീയിലെറിഞ്ഞ് കാസയായി രൂപം പൂണ്ട് ഒരു ശൂന്യഇടമായി കാത്തിരിക്കുന്നു.

പക്ഷിക്കൂട്:- ഓരോ തുരുമ്പും ഇലയും തൂവലും ചകിരിയും എല്ലാം ശേഖരിച്ച് കൂടുണ്ടാക്കുന്നത് എത്രയോ ശ്രമകരമായ ജോലിയാണ്. കൂട് തീർന്ന് കഴിഞ്ഞാൽ ഒഴിഞ്ഞ സ്ഥലവുമായി കൂട് മുട്ടയ്ക്കായി കാത്തിരിക്കുന്നു. മുട്ട വിരിയിച്ച് പ്രകൃതിയിലേക്ക് ജീവൻ പങ്കുവച്ച് തൃപ്തിയടയുന്നു.

ഓടക്കുഴൽ: മുളന്തണ്ട് ഓടക്കുഴലാകുന്നത് വെട്ടി മിനുക്കി കാച്ചി മുറിച്ച് സുഷിരങ്ങളിട്ട് കഴിയുമ്പോഴാണ്. പാടാനായി കാത്തിരിക്കുന്നു. ഓടക്കുഴൽ തന്റെ ഗതകാല വേദനകൾ മറന്ന് പോകുന്നു.

ആത്മീയ ജീവൻ നല്കുന്ന കാസയും ജീവൻ പ്രകൃതിയിലേക്ക് പറിച്ചു നടന്ന പക്ഷിക്കൂടും മനോഹരമായി പാടുന്ന ഓടക്കുഴലും കാത്തിരിപ്പിന്റെ സവിശേഷതകളാണ്. ആഗമനകാലത്ത് പുതുജീവനുവേണ്ടി ലോകത്തെമ്പാടുമുള്ള ക്രൈസ്തവലോകം കാത്തിരിക്കുന്നു. ക്രിസ്തുമസ്സിന്റെ ആഘോഷങ്ങൾ മാറ്റിവെച്ച് പങ്കുവെക്കലിന്റെയും ജീവിതശൈലിയിലൂടെ കാരുണ്യത്തിന്റെ ക്ഷമയുടെ, സ്നേഹത്തിന്റെ വാഹകരാകുവാൻ നമുക്കും കഴിയട്ടെ.

മൂന്ന് ജ്ഞാനികൾ ഉണ്ണീശോയ്ക്ക് സമർപ്പിച്ചത് പൊന്നും മീറയും കുന്തിരിക്കവും നമുക്കും സമർപ്പിക്കാം. നമ്മുടെ മനസ്സും ആത്മാവും ശരീരവും - അപ്പോൾ അവൻ നല്കുന്ന ആ മൂന്ന് സമ്മാനങ്ങൾ നമുക്ക് സ്വീകരിക്കാം. സ്നേഹം, ശാന്തി, സന്തോഷം.

**സി. വിനീത CPS**



## സ്വാഗതം



ഇടവകയിലേക്ക്
സേവനത്തിനായി എത്തിച്ചേർന്ന
**ഡീക്കൻ സോയിൻ ചെങ്കല്ലേൽ CMF ന്**
ഇടവക കുടുംബത്തിലേക്ക്
സ്വാഗതം

## നന്ദി



02.01.2019 ന്
പൗരോഹിത്യം സ്വീകരിക്കുന്ന
**ഡീക്കൻ ആന്റണി നടുവത്തുശ്ശേരിക്ക്**
ഇടവകാംഗങ്ങളുടെ
പ്രാർത്ഥനാശംസകൾ



വ്രതവാഗ്ദാനത്തിന്റെ
സിൽവർ ജൂബിലി ആഘോഷിക്കുന്ന
**സി. ശോഭ ഫിലമിൻ SABS ന്**
ഇടവകാംഗങ്ങളുടെ
പ്രാർത്ഥനാ മംഗളങ്ങൾ



**ആലങ്ങാട് പള്ളിയിൽ നമ്മുടെ പ്രളയ ദുരിതാശ്വാസ സഹായത്തിന്റെ ഉത്ഘാടനം ബഹു. വികാരി റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം നിർവ്വഹിക്കുന്നു.**







**നമ്മുടെ സ്കൂളുകളിൽ പ്രളയാനന്തര ദുരിതാശ്വാസ സഹായം നൽകുന്നു**





പയസ് ഗേൾസ് ഹൈസ്കൂളിലെ പൂർത്തീകരിച്ച
പത്തു സ്മാർട് ക്ലാസ്സുകളുടെ ഉദ്ഘാടനം ബഹു. മാനേജർ
വെരി. റവ. ഫാ . കുര്യാക്കോസ് ഇരവിമംഗലം നിർവഹിച്ചു



കാറ്റക്കിസം ടീച്ചേഴ്സ് ഡേ



**ഉപജില്ലാ തലത്തിൽ സമ്മാനാർഹരായ പയസ് ഗേൾസ് ഹൈസ്കൂളിലെ കായികപ്രതിഭകൾ**








**എറണാകുളം–അങ്കമാലി അതിരൂപത
സി.എൽ.സി.യുടെ പ്രസിഡന്റ്
ആയി തിരഞ്ഞെടുക്കപ്പെട്ട
ശ്രീ. അനിൽ പാലത്തിങ്കലിന്
ഇടവകാംഗങ്ങളുടെ അഭിനന്ദനങ്ങൾ**

**ഒബ്റോൺമാളിന്റെ സ്പിരിറ്റ് ഓഫ് വുമൺ അവാർഡിനും
ആർ എസ് ഷേണായി സ്ക്കൂൾ ഓഫ് ഹോക്കിയുടെ സ്ക്കൂൾ
അഡ്മിനിസ്ട്രേഷനുള്ള അവാർഡിനും അർഹയായ പയസ് ഗേൾസ്
ഹൈസ്ക്കൂൾ പ്രധാനാധ്യാപിക ശ്രീമതി ജില്ലി പി ജിയോ**



24.11.2018



29.11.2018

**Neena**

D/O MR A.S JOY & MRS MARY JOY,
ANJILICKAL HOUSE, EDAPPALLY

**Dominic**

S/O LATE P.S THOMAS & MRS ALICE THOMAS,
PULICKATHARA HOUSE, KIZHAKKAMBALAM


WEDDING GREETINGS
16 SEPTEMBER 2018
ALINA
D/o Mrs. Mini Sebastian & Mr. P.P. Sebastian
Pallassery, Edappally
ROSHAN
S/o Mrs. Elsey Mathew & Late Joseph Mathew
Urumbath, Sastri Nagar, Palakkad



# അണ്ണാറക്കണ്ണനും തന്നാലായത്

നെടുവീർപ്പുകളുടേയും, അണ മുറിയാത്ത സങ്കടങ്ങളുടേയും നടുവിലാണ് ഇന്ന് നമ്മുടെ കേരളം. ധാരാളം നല്ല മനസ്സുകളുടെ കരുതലുകൾ ഇവക്കൊക്കെ ഒരു ചെറിയ തോതിൽ താങ്ങും തണലും ആകുന്നുണ്ട്.

മനുഷ്യരിൽ കാരുണ്യം നിറഞ്ഞു നിൽക്കേണ്ട സമയമാണിത്. കാരുണ്യപ്രവർത്തി ചെറുതോ വലുതോ എന്തുമാകട്ടെ കരുണ കാണിക്കാത്ത ഒരു മനുഷ്യനും നമ്മുടെ ഇടയിൽ ഉണ്ടാവരുതെ. നമ്മുടെ കൈയിലുള്ള ചെറിയ തുട്ടുകൾക്ക് വലിയ വില ലഭിക്കുന്ന സമയമാണിത് അയ്യായിരം പേരുടെ വിശപ്പുമാറ്റാൻ അഞ്ച് അപ്പവും രണ്ടു മീനും നൽകാൻ മനസ്സുകാണിച്ച ബാലനെപ്പോലെ നാമും മാറണം. മറ്റുള്ളവർക്ക് സഹായമോ നന്മയയോ ചെയ്യാൻ പ്രായമോ, ഒരുപാട് സമ്പത്തോ ഒന്നും വേണ്ട.

ഒരു രാജ്യത്തിന്റെ മുഴുവൻ ആദരവും അഭിമാനവുമായി മാറിയ ഒരു കൊച്ചുകുട്ടിയേ പരിചയപ്പെടാം. ഉഗാണ്ടൻ ജനതയുടെ മനസ്സിൽ മായിച്ചാലും മായാത്ത ഒരു ചിത്രമുണ്ട്. ഇന്ന് 27 വയസ്സുള്ള, ഉഗാണ്ടയിൽ ജനിക്കാത്ത റെയ്ൻ ഹെൽജാക്ക് എന്നെ ഒരു ചെറുപ്പക്കാരൻ. 18 വർഷങ്ങൾക്ക് മുൻപ് ഉഗാണ്ടൻ ജനതകളുടെ ഹൃദയം കവർന്നവനാണ് റെയ്ൻ. 1991-ൽ കാനഡയിൽ ജനിച്ചു. സാമാന്യം സമ്പന്ന കുടുംബത്തിൽ ജനിച്ച റെയ്ൻ പഠനം ആരംഭിച്ച ഹോളി ക്രോസ് (Holy Cross) സ്കൂൾ പ്രശസ്തമാണ്. പ്രത്യേക ശൈലിയിൽ പഠിപ്പിക്കുന്ന ഒരു ടീച്ചറിന്റെ ക്ലാസ്സിൽ ആയിരുന്നു റെയ്ൻ. പാഠ്യവിഷയങ്ങളോടൊപ്പം മറ്റുള്ളവരെ കരുതുകയും, കരുത്തു കാട്ടുകയും ചെയ്യാനുള്ള കാര്യങ്ങൾ കുട്ടികൾക്ക് ഈ ടീച്ചർ പറഞ്ഞു കൊടുത്തിരുന്നു.

ഒരു ദിവസം ടീച്ചർ ദാരിദ്ര്യത്തിന്റെ വറചട്ടിയിൽ വെന്തുരുകിത്തീരുന്ന ആഫ്രിക്കൻ ഒരു ജനതയെപ്പറ്റിയാണ് പറഞ്ഞത്. വെള്ളമില്ലാതെ ദാഹിച്ചു വലയുന്ന ഒരു സമൂഹത്തിന് ഇറ്റ് ദാഹജലം നൽകാൻ ഒരു കിണർ 70 ഡോളർ ഉണ്ടെങ്കിൽ നിർമ്മിക്കാമെന്ന് ടീച്ചറുടെ വാക്കുകൾ റെയ്ൻ കേട്ടു. വെള്ളമില്ലാത്തതുകൊണ്ട് അകാലത്തിൽ പൊഴിഞ്ഞുപോകുന്ന വൃക്ഷലതാതികളേയും, പക്ഷിമൃഗാദികളേയും മനുഷ്യരേയും ടീച്ചർ ഭംഗിയായി അവതരിപ്പിച്ചു. തന്റെ വീട്ടിൽ പാഴാക്കികളയുന്ന വെള്ളം എത്രമാത്രമാണെന്ന് റെയ്ൻ ഓർത്തു. പോലീസ് ഓഫീസറായ പിതാവ്, ഗവൺമെന്റ് കൺസൾട്ടന്റ് ആയ അമ്മ, പിന്നെ സഹോദരങ്ങൾ, വളർത്തുനായ, സ്വിമ്മിംഗ് പൂൾ എന്നു വേണ്ട ആയിരക്കണക്കിന് ലിറ്റർ വെള്ളമാണ് തങ്ങൾ പാഴാക്കിക്കളയുന്നത്. ദാഹജലത്തിന് കേഴുന്ന ഒരു കൂട്ടം മനഷ്യർക്കായി ആഫ്രിക്കയിൽ ഒരു കിണർ ഉണ്ടാക്കണമെന്ന് കൊച്ചു റെയ്മൻ തീരുമാനിച്ചു. വീട്ടിൽ എത്തിയ റെയ്ൻ മാതാപിതാക്കളോട് 70 ഡോളർ ആവശ്യപ്പെട്ടു. എന്തിനാണെന്ന് ചോദിച്ചപ്പോൾ ഉഷ്ണമേഖലാരാജ്യങ്ങൾ ഉള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ വെള്ളത്തിന് വലിയ ക്ഷാമമാണ്. അവിടെ ഒരു കുഴൽ കിണർ കുഴിക്കാനാണെന്ന് അവൻ ഉത്തരം

നൽകി. ഇത്രയും തുക ഒറ്റയടിക്ക് എടുക്കാൻ ആവി ല്ലായെന്ന് അവർ മറുപടി നൽകി. പക്ഷേ റെയ്ൻ വിട്ടു കൊടുക്കാൻ തയ്യാറല്ലായിരുന്നു. പിറ്റേ ദിവസം പ്രഭാതഭക്ഷണസമയത്ത് വീണ്ടും 70 ഡോളർ ആവശ്യ പ്പെട്ടു. മാതാപിതാക്കൾ പ്രത്യേകിച്ച് ഒന്നും പറഞ്ഞില്ല. കൊച്ചു റെയ്ൻ ഏങ്ങി കരയാൻ തുടങ്ങി. വെള്ളം കിട്ടാതെ ദാഹിച്ചു വലഞ്ഞ് മരണമടയുന്ന ആഫ്രിക്കയിലെ കുട്ടികളെ നിങ്ങൾ ഓർക്കാത്തത് എന്തേ എന്ന് അവന് ചോദിച്ചു. മകന്റെ ദുഃഖം മന സ്സിലാക്കിയ അമ്മ പറഞ്ഞു. റെയ്ൻ അതിന് ആവശ്യ മുള്ള പണം നീ തന്നെ ഉണ്ടാക്കണം. ചെറിയ ജോലി ചെയ്ത് എന്നേ സഹായിച്ചാൽ അതിനുള്ള കൂലി നിനക്ക് തരാം. നീ അത് ശേഖരിച്ച് തുക സംഭരിക്കണം. അന്നു മുതൽ സാധനങ്ങൾ വൃത്തിയാക്കുന്നതിന്, അമ്മയേ സഹായിക്കുന്നതിന് എല്ലാത്തിനും അവന് കൂലി കിട്ടി. എല്ലാം തന്റെ സമ്പാദ്യപെട്ടിയായ ബിസ് കറ്റ് ടിന്നിൽ സൂക്ഷിച്ചു. നാലു മാസങ്ങൾകൊണ്ട് റെയ്ന്റെ പെട്ടി നിറഞ്ഞു. 70 ഡോളറും കുറച്ച് ചില്ലറ യും. അവന് സന്തോഷമായി. എങ്ങനെയെങ്കിലും ഈ തുക ആഫ്രിക്കയിൽ എത്തിച്ച് ഒരു കിണർ ഉണ്ടാ ക്കണം. അതിനുള്ള വഴി അവനോ അവന്റെ മാതാപി താക്കൾക്കോ അറിയില്ലായിരുന്നു. പിതാവന്റെ അന്വേ ഷണത്തിൽ വാട്ടർ ക്യാൻ എന്നൊരു സംഘടന കണ്ടെത്തി. അവരിൽ നിന്നാണ് 70 ഡോളർ കൊണ്ട് നടക്കില്ല. 2000 ഡോളർ വേണമെന്നറിഞ്ഞ്, എല്ലാ വരും നിരാശരായി. റെയ്ൻ തന്റെ പണസമ്പാദത്തി നുള്ള വഴി തേടി. അവന്റെ അമ്മ അവന്റെ ആഗ്രഹവും അതിനുവേണ്ടി അവൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഒരു പത്രപ്രവർത്തകനെ അറിയിച്ചു. അദ്ദേഹം അത് പത്രത്തിലെഴുതി. ധാരാളം ആളുകൾ പ്രതികരിച്ചു. തുടർന്ന് ദൃശ്യമാധ്യമങ്ങളിലും വാർത്ത വന്നു. അനേ കരുടെ സഹായത്താൽ 2000 ഡോളർ സംഘടിപ്പിച്ച് സിഎഫ്എആർ (CFAR) എന്ന് ആഫ്രിക്കക്കാരേ സഹായിക്കുന്ന ഒരു സംഘടനയുമായി ബന്ധപ്പെട്ടു. അങ്ങനെ ഉഗാണ്ടയിൽ ഒരു പ്രൈമറി സ്കൂളിന്റെ അടുത്ത് കുഴൽ കിണർ കുഴിക്കാമെന്ന് അവർ സമ്മ തിച്ചു. കിണർ കുഴിക്കാൻ പുതിയ ഒരു ഡ്രില്ലിംഗ് മെഷീൻ വേണം. റെയ്ൻ പറഞ്ഞു നമുക്ക് അത് ഉണ്ടാക്കാം. ഇത്രയും വലിയ തുകയേക്കുറിച്ച് മന സ്സിലാക്കാൻ പറ്റാത്ത പ്രായമായിരുന്നു റെയ്ന്റേത്. കേവലം 7 വയസ്സ്. മകന്റെ സേവനസന്നദ്ധതക്ക് ആവോളം പിന്തുണ നൽകുവാൻ മാതാപിതാക്കൾ തീരു മാനിച്ചു. റെയ്നെ കുറിച്ചുള്ള വാർത്ത വരുവാൻ ന്യൂസ് എഡിറ്ററിനെ തന്നെ കണ്ടു. വാർത്തക്ക് നല്ല പ്രതികരണം. കാനഡായിലുള്ള ടി.വി. ചാനലുകളിലും വാർത്ത വന്നു. ധാരാളം സ്കൂൾ കുട്ടികളും രംഗത്ത് എത്തി. അങ്ങനെ 2000 ജൂലായ് 27ന് റെയ്ന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. റെയ്ൻ തന്റെ സേവനം അവിടെ നിർത്തിയില്ല. റെയ്ൻ വെൽ ഫൗണ്ടേ ഷൻ എന്നൊരു സംഘടന രൂപീകരിക്കപ്പെട്ടു. 2018 ആയപ്പോൾ ഏകദേശം ആയിരത്തിനടുത്ത് കുഴൽ കിണറുകളിൽ കൂടി 8 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചു. ഇന്നും റെയ്നും കൂട്ടുകാരും വെള്ളമില്ലാതെ കഷ്ടപ്പെടുന്നവരെ സഹാ യിക്കാൻ ആഫ്രിക്കക്കാരുടെ വിളിപ്പുറത്തുണ്ട്.

റെയ്ൻ 6 വയസ്സുള്ള കൊച്ചു കുട്ടിയായിരിക്കു മ്പോഴാണ് ഒരു ചെറിയ തുടക്കം കുറിച്ചത്. ദൈവം അതിനെ വളർത്തി. ക്രിസ്തീയ സഭക്കും മാതാപിതാ ക്കൾക്കും ധാരാളം കാര്യങ്ങൾ ഇതിൽ നിന്ന് പഠിക്കാ നുണ്ട്. പല കാര്യങ്ങളും അസാദ്ധ്യമാണെന്ന് പറഞ്ഞ ഒഴിഞ്ഞുമാറുന്നവരാണ് നമ്മൾ. ജറമിയ പ്രവാചകനെ ദൈവം വിളിക്കുമ്പോൾ ഞാൻ കേവലം ബാലനാണ്, സംസാരിക്കാൻ എനിക്ക് പാടവമില്ല എന്നു പറഞ്ഞ് വിളിയെ തിരസ്കരിക്കാൻ നോക്കുമ്പോൾ ദൈവ ത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. വെറും ബാലാ നാണെന്ന് നീ പറയരുതെ. ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. (ജറ മിയ 1:6 - 9). എനിക്ക് നിന്നെ അറിയാം. അറിയാം എന്നു പറയുമ്പോൾ നിന്റെ കഴിവും കഴിവുകേടും എനിക്ക റിയാമെന്നാണ് അർത്ഥം. ജീവിതത്തിൽ ദൈവത്തോടു ചേർന്നു നിന്ന് തീരുമാനം എടുക്കുക." വചനം പറ യുന്നു എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരു വന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനി ക്കു തന്നെയാണ് ചെയ്തു തന്നത് (മത്തായി 25/40). ഈശോയുടെ ഈ വചനം ഓർക്കാനും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും പറ്റിയ സമ യമാണിത്.

**ആൻസി ജെയിംസ്**
ഹോളി ട്രിനിറ്റി യൂണിറ്റ്



# ഓർമ്മകളിലൂടെ...

വീണ്ടും വാച്ചിൽ നോക്കി. സമയം രാത്രി 8 മണി. വീട്ടിൽ എത്താൻ ഇനിയും 10-15 മിനിറ്റ് സമയം കൂടി എടുക്കും. ജോലി സ്ഥലത്തുനിന്നു ഓഫീസ് വാഹനത്തിൽ കയറിയിട്ട് രണ്ടര മണിക്കൂറിലേറെയായി. ഉപജീവനത്തിനായി മുംബൈയിൽ വന്നിട്ട് വർഷങ്ങൾ കുറെ കഴിഞ്ഞു. താമസസ്ഥലവും ഓഫീസും തമ്മിൽ ഏകദേശം 40 കിലോമീറ്റർ ദൂരമുണ്ട്. ദിവസവും 4 മണിക്കൂറിൽ ഏറെ തിരക്കേറിയ റോഡിലൂടെ ഓഫീസ് വാഹനത്തിൽ ചെലവഴിക്കണം. നീണ്ട റോഡ് യാത്ര യുടെ അസ്വസ്ഥതകൾ... നടുവേദനയും മറ്റും തുടങ്ങി... മനസ്സ് അറിയാതെ ബാല്യത്തിലേക്ക് തിരിഞ്ഞു.

എന്റെ ജന്മസ്ഥലം മുളവുകാട് ദ്വീപ് (ബോൾഗാട്ടി) ആണ്. എറണാകുളം സെന്റ് മേരീസ് ഇടവകാംഗമായിരുന്നു. ഇന്ന് ഗോശ്രീ പാലങ്ങൾ വഴിയും കണ്ടെയിനർ റോഡ് വഴിയും ബന്ധിക്കപ്പെട്ടിരിക്കുന്നു. പക്ഷെ എന്റെ ചെറുപ്പത്തിൽ ബോട്ട് വഴിയും വഞ്ചികൾ വഴിയും മാത്രമെ പുറംലോകമായി ബന്ധപ്പെടാൻ കഴിയുമായിരുന്നുള്ളു. ഏഴാം ക്ലാസ് വരെ അവിടെ തന്നെയുള്ള സ്കൂളിൽ ആണ് പഠിച്ചുകൊണ്ടിരുന്നത്. ആ സമയത്ത് പട്ടണം കാണാൻ ചുരുങ്ങിയ അവസരങ്ങൾ മാത്രം. ഇടയ്ക്ക് ഇടവക ദേവാലയത്തിൽ ബോട്ട് കയറി പോകുമ്പോഴും വർഷത്തിൽ ഒരിക്കൽ സ്കൂൾ വേനൽ അവധി സമയത്ത് അമ്മ വീട്ടിൽ പോകുമ്പോഴും മാത്രം. അമ്മ വീട്ടിൽ പോകാൻ ഒരു മണിക്കൂർ ബസിൽ പോകണം. അതു വളരെ ആഗ്രഹിച്ചിരുന്ന സംഗതിയാണ്. എല്ലാ കൊല്ലവും വേനൽ അവധിക്കുവേണ്ടി കാത്തിരുന്നു - ബസിൽ യാത്ര ചെയ്യാൻ. അങ്ങനെ ഒരു പ്രാവശ്യം വേനൽ അവധി തുടങ്ങി. അമ്മ വീട്ടിൽ പോകാൻ എല്ലാവരും കൂടി തയ്യാറെടുത്തു കൊണ്ടിരുന്ന സമയം. എനിക്ക് ചെറിയ ചുമയും തൊണ്ടവേദനയും തുടങ്ങി. അപ്പോൾ അപ്പൻ എനിക്കു 'വിസ' നിഷേധിച്ചു. ബാക്കി എല്ലാവരും അമ്മ വീട്ടിലേക്കുപോയി. ബസിൽ കയറാൻ ഇനി ഒരവസരത്തിന് ഒരു കൊല്ലം കൂടി കാത്തിരിക്കണം. അതു എന്നിൽ വലിയ വേദനയുളവാക്കി.

'വീടെത്തി' എന്ന ഡ്രൈവറുടെ വിളികേട്ട് പെട്ടെന്ന് വണ്ടിയിൽ നിന്നും ഇറങ്ങി. രണ്ടാം നിലയിലെ ഫ്ളാറ്റിലേക്ക് നടന്നു. ബാല്യത്തിൽ ഒരു മണിക്കൂർ ബസ് യാത്ര കൊല്ലത്തിലൊരിക്കൽ ആഗ്രഹിച്ചിരുന്നപ്പോൾ ഇത്ര പ്രതീക്ഷിച്ചില്ല. ദിവസവും 4 മണിക്കൂർ വീതം നീണ്ട ബസ് യാത്ര!!!

**ആന്റണി പുത്തരിയ്ക്കൽ**
ക്രിസ്തുവിഹാർ യൂണിറ്റ്

# വികസന പാന്ഥാവിലൂടെ

പള്ളിയുടെ തെക്ക് വശം ചേർന്ന് 12.50 സെന്റും 13.44 സെന്റും സ്ഥലം കെട്ടിടം അടക്കം സെന്റിന് 26 ലക്ഷം രൂപ വില നിശ്ചയിച്ച് വാങ്ങുകയും വാങ്ങിയ വിലക്കു തന്നെ രജിസ്ട്രേഷൻ നടത്തുകയും ചെയ്തു. അതിൽ ഇരുന്നതും ആദ്യം വാങ്ങിയ ഭൂമിയിൽ ഉണ്ടായിരുന്നതുമായ കെട്ടിടങ്ങൾ 6.61 ലക്ഷം രൂപക്ക് തറ ഒഴിച്ച് ടെൻഡർ ചെയ്തു വിറ്റു. കരാർ പ്രകാരത്തിൽ നിന്ന് കൂടുതൽ വന്ന ഭൂമിക്ക് (റീ സർവ്വേ പ്രകാരം) വഴി കൂടാതെ 8 ലക്ഷം രൂപ മൊത്തം വില നിശ്ചയിച്ച് പാരിഷ് കൗൺസിൽ അംഗീകാരപ്രകാരം നൽകുകയുണ്ടായി. പുതുതായി വാങ്ങിച്ച സ്ഥലം നിരപ്പാക്കി കാറുകൾ പാർക്കു ചെയ്യുന്നതിന് അനുയോജ്യമാക്കി.

പള്ളിയുടെ മുൻപിലുള്ള പഴയ കപ്പേള ഗതാഗത സൗകര്യത്തിനും കപ്പേളയുടെ പഴക്കത്തിനും പരിഹാരമായി നിലവിലുള്ള കപ്പേളയിൽ നിന്നും ഒരു മീറ്റർ പിറകോട്ട് മാറ്റി നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പുതിയ പള്ളിയിലേക്ക് വൈദ്യുതി സ്ഥിരം കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ കിടങ്ങുകൾ കുഴിക്കുന്നതിന്റെ ടെൻഡർ പ്രകാരമുള്ള നടപടികൾ പൂർത്തിയായി.

നമ്മുടെ സിമിത്തേരിക്കുള്ളിൽ കുർബാനക്കും മറ്റു കൂദാശകൾക്കും കാർമ്മികർക്ക് നില്ക്കുവാൻ സഹായകരമാംവിധം ഒരു അൾത്താര നിർമ്മിക്കുകയും സിമിത്തേരിക്കകം നവീകരിക്കുകയും ചെയ്തു. മാസാദ്യ വെള്ളിയാഴ്ച കുർബാനക്കും മറ്റു കർമ്മങ്ങൾക്കും വേണ്ടി പണമടക്കാൻ നിൽക്കുന്ന സ്ഥലം ഭംഗിയായി ട്രെസ്സ് വർക്ക് ചെയ്ത് പൂർത്തീകരിച്ചു. പള്ളിയുടെ മുൻപിലുള്ള കോഴി, നേർച്ചവസ്തുക്കളുടെ ലേലം ഇവിടേക്ക് മാറ്റി.

പള്ളിപരിസരം കൃത്യമായി പാർക്കുചെയ്യുന്നതിനുവേണ്ട ലൈൻ വരച്ച് പാർക്കിംഗ് സുഗമമാക്കി. പഴയ വാടകക്കെട്ടിടങ്ങളുടെ ചോർച്ച മാറ്റുന്നതിനുവേണ്ടി ഓടുകൾ മാറ്റി ഷീറ്റ് ഇട്ടു. എം.എ.ജെ. ആശുപത്രിയിലുള്ള സൗകര്യങ്ങൾ ഇടവകജനങ്ങൾക്ക് ഉപകാരപ്രദമാകാൻവേണ്ടി, ഇടവകാംഗങ്ങൾക്ക് 10 ശതമാനവും ഇടവകാതിർത്തിയിലുള്ള എല്ലാവർക്കും 5 ശതമാനവും മെഡിസിൻ ഒഴിച്ച് കിഴിവുകൊടുക്കുവാൻ പാരിഷ് കൗൺസിൽ തീരുമാനിച്ചു നടപ്പിലാക്കി.

പയസ്സ് ഗേൾസ് ഹൈസ്കൂളിൽ പത്തു പുതിയ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ ഉത്ഘാടനം ബഹു. വികാരിയച്ചൻ നിർവ്വഹിച്ചു. കാലങ്ങളായി ഇടപ്പള്ളി പള്ളിയും നമ്മുടെ കുരിശു പള്ളിയായിരുന്നതും പിന്നീട് സ്വതന്ത്ര ഇടവകയായതുമായ തോപ്പിൽ പള്ളിയും തമ്മിലുള്ള വസ്തു സംബന്ധമായ തർക്കം മുൻകൈക്കാരൻമാർ തീർപ്പാക്കിയതും എന്നാൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നതുമായ കേസുകൾ പരസ്പരം പറഞ്ഞു തീർത്ത് ഒരേക്കർ എട്ട് സെന്റ് സ്ഥലത്തിന് അഞ്ചുകോടി രൂപ ഇടപ്പള്ളി പള്ളി, തോപ്പിൽ പള്ളിക്ക് കൊടുക്കേണ്ടതായിരുന്നതിൽ, നമ്മുടെ പള്ളി ഒന്നേകാൽകോടി രൂപ കൊടുക്കുകയുണ്ടായി. ബാക്കി തുക മൂന്നുമാസത്തിനുള്ളിൽ കൊടുക്കാമെന്ന കരാറിൽ ഒരേക്കർ എട്ടു സെന്റ് സ്ഥലം തോപ്പിൽ പള്ളി വിട്ടു നൽകുകയും തോപ്പിൽ സ്കൂളിനോടു ചേർന്നുള്ള സ്ഥലത്തിന്റെ അതിരുകൾ കെട്ടിത്തിരിച്ച് ഇടപ്പള്ളി പള്ളിയുടെ സ്ഥലം വ്യക്തമാക്കുകയും തർക്കം പരിഹരിക്കുകയും ചെയ്തു. പ്രസ്തുത കാര്യത്തിൽ പള്ളി വെണ്ണരിപ്പുമായി നടന്ന പൊതുസമ്മേളനത്തിൽ ബഹു. എടയന്ത്രത്ത് പിതാവും പള്ളിവികാരിയും കൈക്കാരന്മാരും കൗൺസിൽ അംഗങ്ങളും അവരുടെ സന്തോഷം നമ്മെ അറിയിക്കുകയും ചെയ്തു.

പള്ളി പുതിയതായി 2015-16, 16-17, 17-18 കാലയളവിൽ ആകെ രണ്ട് ഏക്കറോളം ഭൂമി വാങ്ങിയ വകയിൽ 26 കോടി രൂപ കടമെടുക്കുകയും ഇതിനു മുൻപുള്ള കാലയളവിൽ ഉണ്ടായിരുന്ന കടങ്ങൾ അടക്കം ഏകദേശം ആറുകോടി രൂപ ബാങ്കിൽ തിരിച്ചടക്കുകയും ബാക്കിയുള്ള പണത്തിനുവേണ്ടി ബൈപ്പാസിലുള്ള ഭൂമി സെന്റിന് 36.60 ലക്ഷം രൂപക്ക് (നിലവിലുള്ള കേസുൾപ്പെടെ) വിൽക്കുവാൻ പാരിഷ് കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. പുതിയ ദേവാലയത്തിൽ പ്രായമായവർക്ക് ലിഫ്റ്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചു. 2018 ഒക്ടോബർ, നവംബർ കാലയളവിൽ വിവാഹം, ചികിത്സ, മരുന്ന്, ഡയാലിസിസ്, വീടുകളുടെ അറ്റകുറ്റപണി തുടങ്ങിയ ഇനത്തിൽ 7,74,791 രൂപാ ധനസഹായം നൽകി.

**മാർട്ടിൻ കണ്ടത്തിൽ**
കൈക്കാരൻ

**ജോയി പള്ളിപ്പാടൻ**
കൈക്കാരൻ



# ചില നോമ്പുകാല ചിന്തകൾ

വീണ്ടമൊരു അൻപതു നോയമ്പു കാലം അടുത്തുവരികയാണ്. ക്രിസ്തുവിന്റെ പീഢാസഹനവും കുരിശുമരണവും ഉയിർപ്പും നമ്മുടെ ചിന്തയിലേക്ക് കടന്നു വരേണ്ടസമയം. നമ്മളിൽ പലരേയും സംബന്ധിച്ചിടത്തോളം ഇത് പോയ വർഷങ്ങളുടെ ഒരു തനിയാവർത്തനം തന്നെയാകുകയാണ് പതിവ്. നോയമ്പാചരണത്തിന്റെ ഭാഗമായി മദ്യപരും പുകവലിക്കാരും അതു നിർത്തുന്നു, മത്സ്യവും മാംസവും വർജ്ജിക്കുന്നു. എന്നാൽ ഈസ്റ്ററിന്റെ പിറ്റേദിവസം മുതൽ (ചിലപ്പോൾ അതു തന്നെ. ഇതെല്ലാം പൂർവ്വാധികം ശക്തിയോടെ ആരംഭിക്കുകയും അടുത്ത നോയമ്പിനായി കാത്തിരിക്കുകയും ചെയ്യുന്നു. അങ്ങനെ നോയമ്പ് വെറുമൊരു ആചരണം മാത്രമായി മാറുന്നു. ഒരു സാധാരണ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഗഹനമായ ആധ്യാത്മിക തത്വങ്ങൾ പൂർണമായി മനസ്സിലാക്കാതെതന്നെ അവയ്ക്കനുസരിച്ച് ജീവിക്കുവാൻ ഉപകരിക്കുന്നവായണ് ആചരണങ്ങളും അനുഷ്ഠാനങ്ങളും പാരമ്പര്യവുമൊക്കെ.

ഞായറാഴ്ച പ്രസംഗങ്ങളായും, ബൈബിൾ സന്ദേശങ്ങളായും ചിന്തോദ്ദീപകങ്ങളായ ധാരാളം വചനപ്രഘോഷണങ്ങൾ നാം ശ്രവിക്കാറുണ്ട്. പക്ഷെ, അവയിൽ എത്രയെണ്ണം നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുന്നുണ്ട് എന്ന് ചിന്തിക്കുന്നത്. നന്നായിരിക്കുമെന്നെ തോന്നുന്നു. വിരലിലെണ്ണാവുന്നവ മാത്രമെ പലപ്പോഴും മനസ്സിൽ തങ്ങി നിൽക്കുന്നുള്ളു എന്നതാണ് വാസ്തവം. കുറെക്കാലം മുൻപ്, നമ്മുടെ ഇടവകയിൽ സഹവികാരിയായി സേവനമനുഷ്ടിച്ചിരുന്ന ഒരു വൈദീകൻ കുടുംബ കൂട്ടായമ യോഗത്തിൽ നടത്തിയ പ്രസംഗം ഇന്നും എന്റെ മനസ്സിൽ തങ്ങി നിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് നടന്നൊരു സംഭവമായിരുന്നു പ്രതിപാദ്യ വിഷയം. അദ്ദേഹത്തിന്റെ വീട്ടുകാരും അദ്ദേഹത്തിന്റെ പിതൃസഹോദരന്റെ വീട്ടുകാരും തമ്മിൽ വസ്തു തർക്കം സബന്ധിച്ച് കടുത്ത ശത്രുതയിലായിരുന്നു. പുത്തൻ കുർബാന ആഘോഷപൂർവ്വം നടത്തുവാൻ തീരുമാനിച്ച് നാട്ടിലുള്ളവർക്കെല്ലാം ക്ഷണക്കത്ത് നൽകി. പക്ഷെ, പിതൃസഹോദരന്റെ വീട്ടുകാരെ മാത്രം ക്ഷണിച്ചില്ല. പ്രഥമ ദിവ്യബലിക്ക് രണ്ടു ദിവസം മുൻപ് വായിക്കുവാൻ ഇടയായ ബൈബിൾ ഭാഗം അദ്ദേഹത്തെ ഇരുത്തി ചിന്തിപ്പിച്ചു. "നീ ബലി അർപ്പിക്കുന്നതിനു മുൻപ് നിന്റെ സഹോദരനുമായി രമ്യപ്പെടുക" (മത്തായി 5:24). വീട്ടുകാരോട് ആലോചിക്കാൻ നിൽക്കാതെ അടുത്ത ദിവസം തന്നെ ധൈര്യസമേതം പിതൃസഹോദരന്റെ വീട്ടിലെത്തി മുറ്റത്ത് നിന്ന് അവരെ ക്ഷണിച്ചു. അവർ മറുപടി ഒന്നും പറഞ്ഞില്ല. പെട്ടെന്നുതന്നെ തിരിച്ചുപോരുകയും ചെയ്തു. അവരുടെ പെരുമാറ്റത്തിൽ നിന്നും അവർ പങ്കെടുക്കാൻ സാധ്യത ഇല്ലെന്ന് അച്ചനു തോന്നുകയും ചെയ്തു. എന്നാൽ അച്ചനെ അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ പള്ളിയിലെത്തി ബലിയർപ്പണത്തിൽ പങ്കെടുത്തു. അവർ പള്ളിയിൽ നിൽക്കുന്നതു കണ്ടപ്പോൾ അനിർവചനീയമായ ഒരാനന്ദം അനുഭവപ്പെടുകയുണ്ടായി എന്ന് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. അച്ചനുമായി സംസാരിക്കുവാനോ സ്നേഹവിരുന്നിൽ പങ്കെടുക്കുവാനോ നിൽക്കാതെ അവർ സ്ഥലം വിട്ടുവെങ്കിലും അതൊരു 'മഞ്ഞുരുകലിന്റെ തുടക്കായി എന്ന് അച്ചൻ പറയുകയുണ്ടായി.

ധ്യാന പ്രസംഗങ്ങളിലൂടെയും ബൈബിൾ കൺവെൻഷനുകളിലൂടെയും, മറ്റു ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും വളരെയധികം വചനഭാഗങ്ങൾ നമ്മൾ ശ്രവിക്കുന്നുണ്ട്. പ്രഭാഷണങ്ങളുടെ മാസ്മരികതയിൽ

ലയിച്ച് മണിക്കൂറുകളോളം നമ്മൾ ചെലവഴിക്കാറുമുണ്ട്. പക്ഷെ ഈ അവസ്ഥയിൽ നിന്ന് പുറത്ത് കടന്നാൽ ഒരു 'മഞ്ഞുരുകലിനുള്ള' സാധ്യത സൃഷ്ടിക്കുന്നവർ വിരളമാണ്. നമ്മുടെ സ്വഭാവരീതികളിലോ മറ്റുള്ളവരുമായുള്ള സമീപനരീതികളിലോ കാര്യമായ മാറ്റമൊന്നും സംഭവിക്കാറില്ല. വിദ്വേഷത്തിനോ വെറുപ്പിനോ യാതൊരു കുറവും വരാറുമില്ല. വചനം പ്രഘോഷിക്കുന്നവരും വചനം ശ്രവിക്കുന്നവരും വചനത്തിനനുസൃതമായി ജീവിക്കുമ്പോഴാണ് വചനം മാംസമായി നമ്മുടെ ഇടയിൽ വസിക്കുന്നത്.

നോയമ്പാചരണത്തിനുള്ള തയ്യാറെടുപ്പിനോടനുബന്ധിച്ച് ഫ്രാൻസീസ് മാർപ്പാപ്പ കഴിഞ്ഞ വർഷം നൽകിയ സന്ദേശം ഏറെ ചിന്തനീയമാണ്. പ്രധാനമായും മൂന്ന് കാര്യങ്ങളാണ് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ദാനധർമ്മത്തിലും ഉപവാസത്തിലും പ്രാർത്ഥനയിലും നിലനിന്നുകൊണ്ട് ഉത്സാഹഭരിതരായി നോയമ്പു യാത്ര മുന്നോട്ടു കൊണ്ടുപോകുവാനാണ് പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തത്. ഈ മൂന്നു കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വിവരണം പരിശുദ്ധ പിതാവ് നൽകുന്നുണ്ട്. ദാനധർമ്മ പ്രവർത്തികൾ നമുക്ക് അത്യാഗ്രഹത്തിൽ നിന്ന് വിമുക്തി നൽകുകയും അയൽക്കാരെ സഹോദരനും സഹോദരിയുമായി കാണുന്നതിനും സഹായിക്കുന്നു. ഉപവാസം നമ്മുടെ ഉള്ളിലുള്ള അക്രമവാസനയെ ലഘൂകരിക്കുകയും ശത്രുതാമനോഭാവം ഒഴിവാക്കി വളർച്ച പ്രാപിക്കുന്നതിനുള്ള ഒരു അവസരമാവുകയും ചെയ്യുന്നു. ഒരുതരത്തിൽ, നിരാലംബരായി വിശന്നു വലയുന്നവരുടെ അവസ്ഥ മനസ്സിലാക്കുന്നതിനും മറ്റൊരു തരത്തിൽ, ദൈവാധിഷ്ടിതമായ ജീവിതത്തിനും വേണ്ടിയുള്ള നമ്മളുടെ വിശപ്പും ദാഹവും പ്രകടിപ്പിക്കുന്നതിനും ഉപവാസം ഉപകരിക്കുന്നു. പ്രാർത്ഥനക്ക് കൂടുതൽ സമയം നീക്കിവയ്ക്കുന്നത് നമ്മുടെ മനസ്സിലുള്ള തഴക്കദോഷങ്ങളും ആത്മവഞ്ചന നിറഞ്ഞ പ്രവർത്തികളും പിഴുതെറിഞ്ഞ് ദൈവം നൽകുന്ന സ്വാന്തനം കണ്ടെത്തുന്നതിനും സഹായിക്കുന്നു. ദൈവം നമ്മുടെ പിതാവാണ്, നാം നന്നായി ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. പരിശുദ്ധ പിതാവിന്റെ സന്ദേശത്തിന്റെ രത്നച്ചുരുക്കമിതാണ്.

ജറുസലേം പുത്രിമാരേ, എന്നെ പ്രതി നിങ്ങൾ കരയേണ്ട. നിങ്ങളേയും നിങ്ങളുടെ മക്കളേയും പ്രതി കരയുവിൻ", ലൂക്കാ 23;28. ആനുകാലികമായി വളരെ പ്രസക്തമായൊരു ബൈബിൾ വാചകമാണിത്. തന്റെ പീഢാസഹനത്തേക്കുറിച്ചോ അതിന്റെ തീവ്രതയെക്കുറിച്ചോ ആരും വ്യസനിക്കേണ്ടതില്ല എന്ന ശക്തമായ സന്ദേശമാണ് ഈ വാക്യങ്ങളിൽ ക്രിസ്തു നമുക്ക് നൽകുന്നത്. ക്രിസ്തു പീഢാസഹനത്തിലൂടെ മരണം വരിച്ചില്ലായിരുന്നുവെങ്കിൽ മഹത്വീകരിക്കപ്പെട്ട ഉത്ഥാനം ഉണ്ടാകുമായിരുന്നില്ല.

'ഞാൻ ചെയ്തതുപോലെ നിങ്ങളും ചെയ്യുക' എന്നതുകൊണ്ട് ക്രിസ്തു അർത്ഥമാക്കുന്നത്, താൻ ജീവിച്ചതുപോലെ നിങ്ങളും ജീവിക്കുക എന്നതാണ്. ക്രിസ്തു തന്റെ പരസ്യജീവിത കാലത്ത്, സമൂഹത്തിൽ നിലനിന്നിരുന്ന അനീതികളേയും അനാചാരങ്ങളേയും ശക്തമായി എതിർത്തിരുന്നു.

പീഢാനുഭവ വാരാചരണത്തോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനാശുശ്രൂഷകളിൽ നാം ഭാഗഭാക്കാകുന്നു. തീർത്ഥാടന കേന്ദ്രങ്ങളിൽ ഭക്തിപൂർവ്വം തീർത്ഥാടനം നടത്തുന്നു. ഈ കലയളവിൽ നമ്മുടെ മനസ്സിൽ ഉരുത്തിരിയേണ്ട ആത്മപരിശോധനാപരമായ ഒരു വിചിന്തനം എനിക്കു ചുറ്റും കാണുന്നവരെ ഏതളവുവരെ സഹോദരരായി കാണുവാൻ സാധിക്കുന്നുണ്ട്, എന്നതാകണം. ഒരു പക്ഷെ പ്രായോഗിക ജീവിതത്തിൽ ഇതിന് പരിമിതികളുണ്ടാവാം. എങ്കിലും ഓരോ നോയമ്പാചരണവും നമ്മുടെ മനോഭവത്തിൽ സാഹോദര്യത്തിന്റെ തീക്ഷ്ണത നേരിയ തോതിലെങ്കിലും വർദ്ധിപ്പിക്കുവാനുതകിയാൽ മാത്രമെ നമ്മുടെ നോമ്പുകാല അർത്ഥപൂർണ്ണമാകുകയുള്ളു.

**ഡോ. സിറിയക് മാത്യു**
കർമ്മല മാതാ യൂണിറ്റ്



# പ്രത്യാശയുടെ 2019

പ്രളയം എന്ന -8-ന്റെ പണി കിട്ടിക്കഴിഞ്ഞു. പ്രത്യാശയുടെ വാതിൽ തുറന്ന് -9- നമ്മെ കാത്തു നിൽക്കുന്നു. വെറും ഒൻപതല്ല "2019". നിരീശ്വരവാദി പോലും മൗനമായി പറയുന്നു, യേശുക്രിസ്തു ജനിച്ചിട്ട് 2019 വർഷവും ഇത്ര മാസവും, ഇത്ര ദിവസവും ആയെന്ന്. ചരിത്രത്തെ രണ്ടായി ഭാഗിക്കാൻ ഒരുവന് മാത്രമെ ദൈവം അനുവാദം കൊടുത്തുള്ളു. ആ ആൾ യേശു ക്രിസ്തുവാണ്.

നവംബർ മാസവും ചിലതു പറഞ്ഞിട്ടല്ലെ കടന്നു പോയത്. മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞവരെയാണ്. സ്മരിച്ചതെങ്കിലും നമ്മുടെ മരണദിനത്തെക്കുറിച്ച് ഓർത്ത് അവബോധമുള്ളവനാകാനും അതു മൗനമായി പറയുന്നില്ലെ? മരണം ഒരു മരീചിക അല്ല. നാം നടന്ന് അടുക്കുന്നത് അതിന്റെ തീരത്തേക്കാണ്. സ്വർഗ്ഗമെന്ന് ലക്ഷ്യത്തിലേക്കുള്ള വഞ്ചിയുമായി സ്വർഗ്ഗീയ ദൂതന്മാർ എത്തുമ്പോൾ ഇഹത്തിൽ ഉപേക്ഷിക്കേണ്ട വിഴുപ്പുകൾ ഉപേക്ഷിച്ചേ പറ്റു. ആത്മാവാണ് നമ്മുടെ ഈശ്വരാംശം. ഇത് ഈശ്വര സമക്ഷം തിരിച്ച് എത്തുന്നതാണ് സ്വർഗ്ഗപ്രവേശം.

പിറവിത്തിരുന്നാളും ചിലതു നമ്മെ പഠിപ്പിക്കുന്നില്ലെ? സമ്പന്നതയിലല്ല ദൈവം പിറക്കാൻ കൊതിക്കുന്നത്. എന്നു പറഞ്ഞാൽ ഉള്ള സമ്പത്തു നശിപ്പിച്ചുകളയണമെന്നർത്ഥമില്ല. പ്രളയനാളിൽ ഒന്നിച്ചു പങ്കുവച്ചതുപോൽ അപരനു കൂടി നമ്മുടെ മനസ്സിൽ ഇടം കൊടുത്താൽ നന്നായിരുന്നു. അങ്ങനെ പങ്കുവയ്ക്കുന്ന ഇടങ്ങളിലാണ് പിറവിത്തിരുനാളിന്റെ യഥാർത്ഥ ആനന്ദം ലഭിക്കുന്നത്. "സന്മനസ്സുള്ളവർക്ക് സമാധാനം എന്ന മാലാഖമാരുടെ ഗീതം ഇതായിരിക്കാം.

പിറവിത്തിരുനാളിനോട് ചേർത്തു ധ്യാനിക്കുമ്പോൾ യേശു ഭാവങ്ങളെക്കുറിച്ചും ചിന്തിക്കുന്നത് ഉത്തമമായിരിക്കും. എല്ലാവരും കണ്ടതും കേട്ടതും അവൻ കണ്ടില്ല. ആ കാലഘട്ടത്തിന് വൈരുദ്ധ്യമായവയാണ് അവൻ പറഞ്ഞതിലധികവും. അതായിരുന്നു അവന്റെ മതം. അത് സ്നേഹത്തിന്റെ മതമായിരുന്നു.

പത്രോസിലും മറ്റു ശിഷ്യന്മാരിലും മുക്കുവ പ്രാപ്തി അവൻ കണ്ടില്ല. മനുഷ്യരെ പിടിക്കുന്നവരായി അവരെ കണ്ടു. പാപിനിയുടെ പാപത്തെക്കാൾ പശ്ചാത്താപവും, ലാസറിന്റെ ചീഞ്ഞളിഞ്ഞ ശരീരത്തെക്കാൾ ജീവനുള്ള ആത്മാവിനെയും തോണിയിൽ ഉറങ്ങിയപ്പോൾ ക്ഷോഭിക്കുന്ന കടലിന് പകരം അനുസരിക്കുന്ന കടലിനെയും, കുഷ്ഠരോഗിയിൽ ശുദ്ധമാകേണ്ട മനസ്സും, തളർവാതരോഗിയിൽ ക്ഷമിക്കപ്പെടേണ്ട പാപങ്ങളും, രക്തസ്രാവക്കാരിയുടെ രോഗത്തെക്കാൾ വിശ്വാസ തീഷ്ണതയും ഊമയായവന്റെ ഉള്ളിലെ പിശാചിനെയും ഗാഗുൽത്തായാത്രയിൽ മാനവകുലത്തിന്റെ മുഴുവൻ പാപത്തെയും അവൻ കണ്ടു. കുരിശിൽ രക്ഷയും....

അതിരുകളോ അടച്ചുപൂട്ടാൻ വാതിലുകളോ ഇല്ലാത്ത ഇടമായി പുൽക്കൂടിനെ ദർശിച്ചാൽ, അപരന് ഇടമില്ലാതെ അടച്ചുപൂട്ടിയ നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കുകയും അതിർവരമ്പുകൾക്കപ്പുറത്തേക്ക് ക്രിസ്തു സ്നേഹം ഒഴുക്കാനും സാധിച്ചാൽ അതായിരിക്കും ഏറ്റവും വലിയ ക്രിസ്തുമസ്സ് സമാധാനം.

അതായിരിക്കട്ടെ 2019-ന്റെ ദർശനം.

**വർഗീസ് കളപ്പുര**

സെ. വിൻസെന്റ് യൂണിറ്റ്

# ക്യാൻസർ

വൃത്തമെനിക്കറിയില്ല
അലങ്കാരം വശമില്ല
എങ്കിലും വെറുതെ
യൊന്നെഴുതീടട്ടെ

വേദനിക്കുന്ന രോഗികളെ
കണ്ടിട്ടുണ്ടോ ചുറ്റും നിങ്ങൾ
ക്യാൻസറിൻ കാര്യം തന്നെ
ക്യാൻവാസിൽ എടുത്തു നോക്കാം

ക്യാൻസർ കൊണ്ട് സമൂഹത്തിൽ
ഏറെ ജനം ക്ലേശിക്കുന്നു
ഓസോൺ പാളി തുളഞ്ഞിട്ടോ
വിഷപ്പുകയോ മദ്യപാനമോ

ഫ്യൂരുഡാനും, ഫോറേറ്റിനും
വിപണിയിൽ ഏറെ പ്രിയം
കശുമാവിൽ പൂപിടിക്കാൻ
എൻഡോ സൾഫാനും

ട്യൂമറാണൊരുവർക്ക്
മാറിലാണു മറ്റനേകർക്ക്
രക്തത്തിലും വയറ്റിലും
രൂക്ഷമായി വരുന്നീ രോഗം

മനുജനെ കാർന്നു തിന്നാൻ
എന്തിനു നീ വരുന്നു തീനാളമായി
നിൻ അഗ്നിശമനത്തിനായി
ഒരുങ്ങുന്നു ഒരുമയോടെ
ശാസ് ത്രലോകം

ഭൂമിയിൽ നടനനൃത്തമാടുന്ന
ഭീകരനാം നീ മനുജനിൽ
എവിടെയും ഒളിഞ്ഞിരിക്കുന്നു
ഒളിസങ്കേതങ്ങൾ തേടി
ശാസ് ത്രലോകവും

എന്തെന്തു പരീക്ഷണങ്ങൾ
ശാസ് ത്രലോകത്ത്
എന്തേ നിൻ ഹേതു
ഇത്ര നിഗൂഢമോ?
കൈവിടില്ല ഞങ്ങൾ
പ്രതീക്ഷയർപ്പിക്കുന്നു
നിൻ വിമുക്തമാം ലോകം
സമീപഭാവിയിൽ.

**സാലി മാത്യു കൈതക്കൽ**
സെന്റ് ആന്റണീസ് യൂണിറ്റ്




# Sahada Advertisement Tariff



Size Color - 23x18cm (Full Page)
Back Cover - Rs. 5000, Back Inner, Front Inner-4500
Centre Spread 2 Pages - Rs. 5000/-
Single Page - Rs. 2000, Half Page - Rs. 1000
Cheque may be drawn in favour of
Parish Bulletin (Sahada) St. George Forane Church, Edappally
പരസ്യങ്ങൾ parishbullettinsahada@gmail.com ലേക്ക് അയക്കുക.
Advertisement payment can be made by credit to Federal Bank, Edappally branch,
A/c No. 11840100266069 of Parish Bulletin (Sahada), St. George Church, Edappally
IFSC FDRL0001184

# വീടുവെഞ്ചിരിപ്പ് ആരംഭിക്കുന്നു

നമ്മുടെ ഇടവകയിലെ വീടുകൾ 2016 ൽ വെഞ്ചിരിച്ചതാണ്. 2019 ജനുവരി മുതൽ വീടുവെഞ്ചിരിപ്പ് വീണ്ടും ആരംഭിക്കുകയാണ്. വീടുവെഞ്ചിരിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ഇടവകയിലെ കുടുംബ രജിസ്റ്റർ ഉള്ള വീടുകൾ മാത്രമാണ് വെഞ്ചിരിക്കുന്നത്.
2. വൈകിട്ട് 5 മണി മുതൽ 7.30 വരെയാണ് വെഞ്ചിരിപ്പു സമയം
3. ഓരോ ആഴ്ച ഓരോ യൂണിറ്റിനായി നീക്കിവച്ചിട്ടുണ്ട്. വെഞ്ചിരിപ്പിനു വരുന്ന ദിവസം ഏതെന്ന് ഭാരവാഹികൾ അറിയിക്കും.
4. വെഞ്ചിരിപ്പു സമയത്ത് വീട്ടിലെ അംഗങ്ങൾ എല്ലാവരും വീട്ടിൽ ഉണ്ടാകാൻ ശ്രദ്ധിക്കണം.
5. പ്രാർത്ഥനാമുറിയും വീടും വൃത്തിയാക്കിയിരിക്കണം.
6. മേശ/ടീപോയ്/സ്റ്റൂൾ ഇട്ട് അതിൽ ബൈബിൾ, മെഴുകുതിരി, പൂക്കൾ എന്നിവ വച്ചിരിക്കണം.
7. കുടുംബ രജിസ്റ്ററിൽ കുടുംബാംഗങ്ങൾ എല്ലാവരുടേയും പേരുകൾ ചേർത്തിരിക്കണം. ജനനതീയതി, വിവാഹ തീയതി, മരണ തീയതി എന്നിവ ചേർക്കേണ്ട ഇടങ്ങളിൽ ചേർത്തിരിക്കണം. അവ കൃത്യമായി ചേർക്കാൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**വെഞ്ചിരിപ്പിനു വരുന്ന ദിനങ്ങൾ**

| | |
|---|---|
| കർമ്മല മാതാ യൂണിറ്റ് | ജനുവരി 7 മുതൽ |
| ഫാത്തിമ മാതാ യൂണിറ്റ് | ജനുവരി 14 മുതൽ |
| ലൂർദ് മാതാ യൂണിറ്റ് | ജനുവരി 28 മുതൽ |
| ഹോളി ഫാമിലി യൂണിറ്റ് | ഫെബ്രുവരി 4 മുതൽ |
| ഹോളി ക്രോസ് യൂണിറ്റ് | ഫെബ്രുവരി 11 മുതൽ |
| ഹോളി സ്പിരിറ്റ് യൂണിറ്റ് | ഫെബ്രുവരി 18 മുതൽ |
| സെന്റ് സേവ്യർ യൂണിറ്റ് | ഫെബ്രുവരി 25 മുതൽ |
| ഹോളി ട്രിനിറ്റി യൂണിറ്റ് | മാർച്ച് 4 മുതൽ |
| സെന്റ് ആന്റണി യൂണിറ്റ് | മാർച്ച് 11 മുതൽ |
| സെന്റ് ജെയിംസ് യൂണിറ്റ് | മാർച്ച് 18 മുതൽ |
| ലിറ്റിൽ ഫ്ളവർ യൂണിറ്റ് | മാർച്ച് 25 മുതൽ |

# അറിയിപ്പുകൾ

സഹദ പാരീഷ് ബുള്ളറ്റിനിലേക്ക് രചനകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, കുടുംബയോഗ വിവരങ്ങൾ എന്നിവ നൽകുന്നവർ പഴയ പള്ളിയുടെ വലതുവശത്തായി (വെഞ്ചരിഷ് നടക്കുന്ന സ്ഥലത്തിനടുത്ത്) പ്രത്യേകമായി വെച്ചിരിക്കുന്ന സഹദ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. രചനകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരണത്തിന് ഒരു മാസം മുമ്പെങ്കിലും നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ലേഖനങ്ങൾ രണ്ടു പേജിൽ കവിയരുത്.

യൂണിറ്റ് മീറ്റിംഗുകൾ നടക്കുന്ന ഭവനങ്ങളുടെ പേരുവിവരങ്ങൾ പള്ളിയുടെ ഡയറിയിൽകൂടി എഴുതി ചേർക്കുക. വാർഷിക മീറ്റിംഗുകൾ ഒരു ദിവസം ഒന്നു മാത്രമേ ആകാവുള്ളൂ എന്നു കൂടി ശ്രദ്ധിക്കുക.

## പ്രളയ ദുരിതാശ്വാസം

പ്രളയത്തിന്റെ കെടുതിയിൽ പെട്ടവരെ സഹായിക്കാൻ നമ്മൾ ഫണ്ടു ശേഖരണം നടത്തുകയുണ്ടായി. യൂണിറ്റടിസ്ഥാനത്തിൽ നമുക്കു സമാഹരിക്കാൻ കഴിഞ്ഞ തുകയാണ് താഴെ ചേർത്തിരിക്കുന്നത്. (ഈ ഉദ്യമത്തോട് ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും പ്രത്യേകം നന്ദി പറയുന്നു) രണ്ടാഴ്ച കൊണ്ട് 30 ലക്ഷത്തോളം രൂപാ സമാഹരിക്കാനായത് അവരുടെ വേദന നമ്മുടെ വേദനയായി കണ്ടതുകൊണ്ടാണ്. അവരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമായി കണ്ടതുകൊണ്ടാണ്.

പള്ളിയിൽ നിന്നും 20 ലക്ഷം രൂപാ പ്രളയദുരിതാശ്വാസത്തിനായി നല്കി. അങ്ങനെ ആകെയുള്ള 50 ലക്ഷം രൂപയിൽ 60% (30ലക്ഷം രൂപാ) ദുരിതമനുഭവിക്കുന്ന ഒരിടവകയ്ക്കു നല്കാനും 30% (15 ലക്ഷം രൂപാ) നമ്മുടെ ഇടവകാതിർത്തിയിൽ പ്രളയ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് ജാതിമതഭേദമെന്യേ നല്കാനും 10% (5 ലക്ഷം രൂപ) നമ്മുടെ അഞ്ചു സ്കൂളുകളിൽ പ്രളയബാധിതരായിട്ടുള്ള കുട്ടികളുടെ വീടുകളിൽ നല്കാനും തീരുമാനമായി. (30 ലക്ഷം രൂപയുടെ സഹായം നല്കാൻ ദത്തെടുത്തത് ആലങ്ങാട് ഇടവകയെയാണ്). മൂന്നു തലങ്ങളിലും സഹായം നല്കുവാൻ മൂന്ന് കമ്മിറ്റികൾക്ക് രൂപം നല്കി. കമ്മിറ്റികൾ അവരുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നു. അവർക്കും പ്രത്യേകം നന്ദി.

## പ്രളയ ദുരിതാശ്വാസ ഫണ്ട് 2018 (Flood Relief Fund 2018)

| | | |
|---|---|---|
| 01. | കർമ്മല മാതാ | 109000 |
| 02. | ഫാത്തിമ മാതാ | 103000 |
| 03. | ഹോളി ഫാമിലി | 72750 |
| 04. | ഹോളി ക്രോസ് | 75000 |
| 05. | ഹോളി സ്പിരിറ്റ് | 93000 |
| 06. | സെന്റ് സേവ്യർ | 42000 |
| 07. | ഹോളി ട്രിനിറ്റി | 155100 |
| 08. | സെന്റ് ആന്റണി | 108000 |
| 09. | ആൾ സെയ്ന്റ്സ് | 160000 |
| 10. | ക്രിസ്തു വിഹാർ | 114000 |
| 11. | സെന്റ് ജെയിംസ് | 62000 |
| 12. | സെന്റ് ലിറ്റിൽ ഫ്ളവർ | 128000 |
| 13. | സെന്റ് വിൻസന്റ് | 61600 |
| 14. | സെന്റ് പയസ് | 87000 |
| 15. | സെന്റ് ജൂഡ് | 77000 |
| 16. | സെന്റ് സെബാസ്റ്റ്യൻ | 104000 |
| 17. | സെന്റ് പോൾ | 41860 |
| 18. | സെന്റ് മൈക്കിൾ | 67800 |
| 19. | ഓശാന | 93600 |
| 20. | സെന്റ് ജോസഫ് | 73950 |
| 21. | സെന്റ് അൽഫോൻസ | 42800 |
| 22. | നിത്യസഹായമാതാ | 3000 |
| 23. | സെന്റ് പീറ്റർ | 50000 |
| 24. | സെന്റ് ജോർജ് | 15150 |
| 25. | മേരി റാണി | 38400 |
| 26. | സേക്രഡ് ഹാർട്ട് | 38200 |
| 27. | സെന്റ് ജോൺ | 50000 |
| 28. | സെന്റ് ജോൺ മരിയ വിയാനി | 43000 |
| 29. | ജീവധാര | 80000 |
| 30. | സഹദ | 30000 |
| 31. | ഗീവർഗീസ് സഹദ | 47000 |
| 32. | സെന്റ് തോമസ് | 103500 |
| 33. | സെന്റ് മദർ തെരേസ | 49000 |
| 34. | സെന്റ് തെരേസ | 35500 |
| 35. | ഇൻഫന്റ് ജീസസ് | 48750 |
| 36. | വിമല മാതാ | 33700 |
| 37. | സെന്റ് മേരി | 135000 |
| 38. | ലൂർദ് മാതാ | 113000 |
| 39. | സെന്റ് മരിയ ഗോരേത്തി | 81300 |
| 40. | വിമെൻ വെൽഫെയർ | 25000 |
| 41. | സെന്റ് മദർ തെരേസ തിരുനാൾ പ്രസുദേന്തിമാർ | 31500 |
| 42. | സെ. ജോസഫ് മരണാനന്തര സഹായ ഫണ്ട് | 50000 |
| | ആകെ ലഭിച്ചത് | 2976060 |

**സഹായതുക ചിലവിട്ടത്**

| | |
|---|---|
| ആലങ്ങാട് ഇടവക | 30,00,000 |
| ഇടപ്പള്ളി ഇടവക | 15,00,000 |
| ഇടപ്പള്ളി ഇടവക സ്കൂളുകൾ | 5,00,000 |
| ആകെ ചിലവിട്ടത് | 50,00,000 |

# മിഷൻ സൺഡേ കളക്ഷൻ

| | | |
|---|---|---|
| 01. | കർമ്മല മാതാ | 5450 |
| 02. | ഫാത്തിമ മാതാ | 111500 |
| 03. | ഹോളി ഫാമിലി | 3100 |
| 04. | ഹോളി ക്രോസ് | 5950 |
| 05. | ഹോളി സ്പിരിറ്റ് | 5400 |
| 06. | സെന്റ് സേവ്യർ | 3170 |
| 07. | ഹോളി ട്രിനിറ്റി | 17550 |
| 08. | സെന്റ് ആന്റണി | 500 |
| 09. | ആൾ സെയ്ന്റ്സ് | 14190 |
| 10. | ക്രിസ്തു വിഹാർ | 4360 |
| 11. | സെന്റ് ജെയിംസ് | 4950 |
| 12. | ലിറ്റിൽ ഫ്ളവർ | 11200 |
| 13. | സെന്റ് വിൻസന്റ് | 14230 |
| 14. | സെന്റ് പയസ് | 9240 |
| 15. | സെന്റ് ജൂഡ് | 13700 |
| 16. | സെന്റ് സെബാസ്റ്റ്യൻ | 9810 |
| 17. | സെന്റ് പോൾ | 2500 |
| 18. | സെന്റ് മൈക്കിൾ | 8451 |
| 19. | ഓശാന | 7850 |
| 20. | സെന്റ് ജോസഫ് | 6455 |
| 21. | സെന്റ് അൽഫോൻസ | 2540 |
| 22. | നിത്യസഹായമാതാ | 1460 |
| 23. | സെന്റ് പീറ്റർ | 4320 |
| 24. | സെന്റ് ജോർജ് | 2260 |
| 25. | മേരി റാണി | 2990 |
| 26. | സേക്രഡ് ഹാർട്ട് | 4450 |
| 27. | സെന്റ് ജോൺ | 200 |
| 28. | സെന്റ് ജോൺ മരിയ വിയാനി | |
| 29. | ജീവധാര | 9000 |
| 30. | സഹദ | 7010 |
| 31. | ഗീവർഗീസ് സഹദ | 2430 |
| 32. | സെന്റ് തോമസ് | 11010 |
| 33. | സെന്റ് മദർ തെരേസ | 3400 |
| 34. | സെന്റ് തെരേസ | 4000 |
| 35. | ഇൻഫന്റ് ജീസസ് | 4480 |
| 36. | വിമല മാതാ | 9700 |
| 37. | സെന്റ് മേരി | 13700 |
| 38. | ലൂർദ് മാതാ | 17700 |
| 39. | സെന്റ് മരിയ ഗോരേത്തി | 18050 |
| | ഉല്പന്ന ലേല വരവ് | 35110 |
| | ആകെ | 413366 |



# വിവാഹ ഒരുക്ക കോഴ്സ്

**SINGLE**

| മാസം | കലൂർ | കാലടി | കലൂർ | കലൂർ |
|---|---|---|---|---|
| ജനുവരി | 14 - 16 | 22 - 24 | 28 - 30 | |
| ഫെബ്രുവരി | 11 - 13 | 19 - 21 | | |
| മാർച്ച് | 11 - 13 | | | |
| ഏപ്രിൽ | 15 - 17 | 23 - 25 | 29 - 01 | |

**PAIR**

| മാസം | കലൂർ | കാലടി | കലൂർ | കാലടി | കലൂർ | കാലടി |
|---|---|---|---|---|---|---|
| ജനുവരി | 06-08 | 15-17 | 21-23 | 29-31 | | |
| ഫെബ്രുവരി | 03-05 | 12-14 | 18-20 | | | |
| മാർച്ച് | | 19-21 | 25-27 | | | |
| ഏപ്രിൽ | 07-09 | | 24-26 | 30-02 | | |

# ഓർമ്മിക്കുക
## ഈ ദിനങ്ങൾ

| ജനുവരി | |
|---|---|
| ജനുവരി 1 | നമ്മുടെ കർത്താവിന്റെ നാമകരണം |
| ജനുവരി 3 | വി. ചാവറ കുര്യാക്കോസ് തിരുനാൾ |
| ജനുവരി 4 | ആദ്യവെള്ളി |
| ജനുവരി 6 | ദനഹാതിരുനാൾ |
| ജനുവരി 20 | വി. സെബസ്ത്യാനോസ് തിരുനാൾ |
| ജനുവരി 21-25 | വാർഷിക ധ്യാനം, എല്ലാ ദിവസവും 4.30 ജപമാല, 5.00 കുർബാന തുടർന്ന് വചനപ്രഘോഷണം |
| ജനുവരി 30 | ലോകസമാധാന ദിനം |
| ജനുവരി 31 | വി. ഡോൺ ബോസ്കോ തിരുനാൾ |
| **ഫെബ്രുവരി** | |
| ഫെബ്രുവരി 1 | ആദ്യവെള്ളി |
| ഫെബ്രുവരി 2 | പരിശുദ്ധ കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ |
| ഫെബ്രുവരി 11 | ലൂർദ് മാതാവ് (രോഗിദിനം) |
| ഫെബ്രുവരി 14 | തെക്കേപള്ളിയിൽ ഉണ്ണി മിശിഹായുടെ തിരുനാൾ കൊടികയറ്റം |
| ഫെബ്രുവരി 17 | തെക്കെപള്ളി തിരുനാൾ |
| **മാർച്ച്** | |
| മാർച്ച് 1 | ആദ്യവെള്ളി |
| മാർച്ച് 3 | നൊയമ്പ് ആരംഭം |
| മാർച്ച് 6 | വിഭൂതി ബുധൻ |
| മാർച്ച് 19 | വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ |

# പ്രവർത്തനത്തിനുള്ള അംഗീകാരം



എറണാകുളം – അങ്കമാലി അതിരൂപത, ഇടപ്പള്ളി ഫൊറോന, ഇടപ്പള്ളി യൂണിറ്റിന്റെയും

## സി.എൽ.സി യുടെ അമരക്കാർ

**എറണാകുളം – അങ്കമാലി അതിരൂപത പ്രസിഡന്റ്**



**ശ്രീ. അനിൽ പാലത്തിങ്കൽ**

**ഇടപ്പള്ളി ഫൊറോന പ്രസിഡന്റ്**



**ശ്രീ. എബിൻ ജോഷി കണ്ടത്തിൽ**

**സെന്റ്. ജോർജ്ജ് ഫൊറോന പള്ളി സി.എൽ.സി യൂണിറ്റ് പ്രസിഡന്റ്**



**ശ്രീ. നിഖിൽ ജോയി ചിങ്ങംതറ**

*Congratulations...*

St.George forane Edappally
C.L.C UNIT


**DAMINAANS**

**SPEECH & HEARING AID CENTRE**

*Where hearing gets better*

**Our Services:**

- Hearing Tests
- Hearing Aids
- Hearing Aid Trial
- Speech Therapy

Don't Let
**HEARING LOSS**
Slow You Down

Find a Hearing Aid that's right for you.



**FREE*** BATTERY

**FREE*** WIRELESS ACCESSORIES

**0%*** EMI PLAN

Interest Free EMI Scheme Of Up To 9 Months On Hearing Aids



*Conditions Apply

Pallippadan Highlight
Opp St. George Church, Edappally, Cochin-682024,
Email: daminaans@gmail.com | Website: www.daminaans.com

Tel: 0484-4860277
Mob: 7338871113

വൈവാഹിക
ജീവിതത്തിന്റെ
സന്തുഷ്ടമായ

30

വർഷങ്ങൾ

01.01.2019



**Ca. ജോണി പള്ളിവാതുക്കൽ & റീന ജോണി**


പള്ളിവാതുക്കൽ ഹൗസ്, പ്രശാന്ത് നഗർ, 108, ഇടപ്പള്ളി

സെന്റ് ആന്റണീസ് യൂണിറ്റ്, സെന്റ് ജോർജ്ജ് ഫൊറോന ദേവാലയം

*Christening*







**Christening of**

# JOSHUA KIRAN


**18.11.2018**

**S/o Kiran Johnson & Christy**

**"Mridul" Nivas, Kallarackal, Marottichode, Edappally**


25th
WEDDING ANNIVERSARY
C.S. Varghese
(Sunny)
&
Gibi Varghese
10/01/1994 | 10/01/2019




# ബാബു & ശോഭാ

ആശംസകൾ തായങ്കേരി കുടുംബയോഗം, എബി, ഫെബി



കുടിൽ തൊട്ട്
കൊട്ടാരം വരെ
പ്രകാശമേകാൻ...
POPULAR
പോപ്പുലർ
കാൻഡിൽസ്
Edappally, Kochi -24. Ph : 0484 2575015, 2575016
www.popularcandles.com
ഇന്ത്യയിലെ പ്രമുഖ മെഴുകുതിരി നിർമ്മാതാക്കൾ

6 – ാം ചരമവാർഷികം
( 03 – 03 – 2013 )



## പി പി ജോസഫ്

22 – ാം ചരമവാർഷികം
( 12 – 03 – 1997 )



## തങ്കമ്മ ജോസഫ്

പള്ളിപ്പാടൻ, ഇടപ്പള്ളി

ദുഃഖാർത്തരായ കുടുംബാംഗങ്ങളും സ്റ്റാഫും

**പോപ്പുലർ കാൻഡിൽസ് ഗ്രൂപ്പ്**



# ഇടപ്പള്ളി തെക്കെപ്പള്ളിയിൽ
# ഉണ്ണിയേശുവിന്റെ തിരുനാൾ

സ്നേഹമുള്ളവരെ,

ചരിത്ര പ്രസിദ്ധമായ ഇടപ്പള്ളി തെക്കെപ്പള്ളിയിൽ ഉണ്ണിയേശുവിന്റെ തിരുനാൾ 2018 ഫെബ്രുവരി 14,15,16,17 (വ്യാഴം, വെള്ളി, ശനി, ഞായർ) തിയതികളിൽ ഭക്തിപുരസരം ആഘോഷിക്കുകയാണ്. തിരുനാൾ കർമ്മങ്ങളിൽ പങ്കുകൊള്ളുവാനും ഉണ്ണിയേശുവിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം**
(വികാരി, ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോന പള്ളി)

## 2019 ഫെബ്രുവരി 14 വ്യാഴം

വൈകിട്ട് 5.00 ഉണ്ണീശോയുടെ നൊവേന
(ബൈപാസ് കപ്പേളയിൽ)
5.45 - കൊടിയേറ്റം (തെക്കെപ്പള്ളി)
**ബഹു. റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം**
തുടർന്ന് ആഘോഷമായ പാട്ടുകുർബാന, ലദീഞ്ഞ്
കാർമ്മികൻ : **റവ. ഫാ. മെൽവിൻ ചിറ്റിലപ്പിള്ളി**

## 2019 ഫെബ്രുവരി 15 വെള്ളി

വൈകിട്ട് 6.00
ആഘോഷമായ പാട്ടുകുർബാന (ലത്തീൻ റീത്ത്), ലദീഞ്ഞ്
ഉണ്ണീശോയുടെ നൊവേന
കാർമ്മികൻ : **റവ. ഫാ. ജേക്കബ് പട്ടരുമഠത്തിൽ**
(വികാരി, സെന്റ് ജെയിംസ് ചർച്ച്, ഇടയകുന്നം)

## 2019 ഫെബ്രുവരി 16 ശനി

വൈകിട്ട് 5.30 പരി. കന്യകാമറിയത്തിന്റേയും
വി. യൗസേപ്പിതാവിന്റേയും തിരുസ്വരൂപങ്ങൾ വലിയ
പള്ളിയിൽ നിന്ന് തെക്കെ പള്ളിയിലേക്ക്
കൊണ്ടുവരുന്നു.

വൈകിട്ട് 6.00 ആഘോഷമായ പാട്ടുകുർബാന,
ലദീഞ്ഞ്, ഉണ്ണീശോയുടെ നൊവേന
കാർമ്മികൻ : **റവ. ഫാ. ചെറിയാൻ നേരേവീട്ടിൽ,**
(ചീഫ് എഡിറ്റർ സത്യദീപം)

## 2019 ഫെബ്രുവരി 17 ഞായർ – തിരുനാൾ ദിനം

രാവിലെ 8.30 ഉണ്ണിയേശുവിന്റെ തിരുസ്വരൂപം
പന്തലിലേക്ക് എഴുന്നള്ളിച്ച് വയ്ക്കുന്നു
തുടർന്ന് ആഘോഷമായ പാട്ടുകുർബാന
കാർമ്മികൻ : **റവ. ഫാ. ജോസ് മണ്ടാനത്ത്**
**പാസ്റ്ററൽ കോർഡിനേറ്റർ എറണാകുളം - അങ്കമാലി അതിരൂപത**
വൈകിട്ട് 5.00 ആഘോഷമായ തിരുനാൾ
പാട്ടുകുർബാന, പ്രസംഗം.
കാർമ്മികൻ : **മാർ ജോസ് പുത്തൻവീട്ടിൽ**
സഹായമെത്രാൻ, എറണാകുളം - അങ്കമാലി അതിരൂപത
തുടർന്ന്
ആഘോഷമായ നാലങ്ങാടി പ്രദക്ഷിണം

**NOTE:** 2019 ഫെബ്രുവരി 14, 15, 16 തീയതികളിൽ വൈകുന്നേരം 6.00ന്
വലിയ പള്ളിയിൽ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.
ഫെബ്രുവരി 17 ഞായറാഴ്ച രാവിലെ 8.45 , 5.30 pm, 7.30 pm കുർബാനകൾ
വലിയ പള്ളിയിൽ ഉണ്ടായിരിക്കുന്നതല്ല.

# പ്രസുദേന്തിമാർ


ABEL AJISH
MALIYAKAL


ANGLE KENNY
PARAVARA


ALEN NELSON
KALLUNGAL


AMEYA ANNA ARUN
NERIAKKAL


AMALA SARA ARUN
NERIAKKAL


AMALA AVARACHAN
PUTHUSSERY


ANJALI ELIZABATH
RAJESH PALLASSERY


ANN ANGEL VIJU
VATHIKULAM


ANN JOSFINE VIJU
VATHIKULAM


ANN MARGRET
GEO ETTIL


ANN PAUL
ALUNKAL


ANN RUHA SANOJ
PORATHEKADAN


ANNA MARY TONY
EMMATTY


ANTON GINCE
ODACKAL


ANTONY JOSE
PALLIPPADAN


ANTONY THOMAS
KOTTIYATH


ANUMOL GEORGE
NJARAKATTU


AVEIN ARUL
THAYANKERY


CAROL BONNY
MARANGATTIL


DEBIN BESTY
THAYANKERY


ELNA MARIA JOBY KARAKKAL


ETHAN JOHN RIJIN AYILATTIL


EVANIYA MENDEZ KALLACHEMURRY


GEORGE JOSE PALLIPPADAN


GEORGE SOMAN MANDAKKARA


HRIDHIK ANTONY AVARACHAN PUTHENVEETTIL


ISHA ROSE PRADEEP KURIAKODU


JACOB THOMAS BRAHMAKULAM


JOAN JOJO NJEZHUVINKEL


JOPHIN JOLLY KUTTIKKATTU


JOSMY SUNNY THAYANKERY


JOYAL JAIMON KULANGARA


STEVE JOSHY KOYIKKARA


LISA SONJOE KAROTTATHYIL


MARIA LIJO ALANGADAN


MARTIN VARKEY THAYANKERY


NEHA JIJO PATHIKULANGARA


NEVIN BIJU KANDATHIL


NIKHIL JOY NERIAKKAL


NOEL JAIMON KULANGARA


RACHEL JINSON
KOTTEKALLY


ROCKY THOMAS
KOTTIYATH


ROHAN JOSEPH
MALIAKAL


SAALMA LIPSON
KIZHUPPILLIL


SAINA PHILIP
THAYIL


SAVIO SHIJU
NEDUMPARAMBIL


SAM SHIJU
NEDUMPARAMBIL


SANTHRA MARIA
SUDHIN
VILANGADAN


SAIRIN RATHEESH
PUTHEN VETTIL


STEPHEN JIMMY
ATHIKALAM


KURIAN JIMMY
ATHIKALAM


THERESA MARIA
JOJI KUREEKODE


VICTOR VARGHESE
MANJALI




**ഉദ്ദിഷ്ട കാര്യത്തിന്**

**ഉപകാരസ്മരണ**



**സോണി & ഫാമിലി**

**ഉദ്ദിഷ്ട കാര്യത്തിന്**

**ഉപകാരസ്മരണ**



**സോണി & ഫാമിലി**

# 6 YEARS OF FONDLY LOVE & SHINING MEMORIES



# MERCY JOSE

Panachipuram, Edappally
01-07-1951 to 09-01-2013

I loved you all, You love me a lot
You cared me well, I too cared you
I am carrying all those colourful memories
For my heavenly abode

*Your prayers and blessings are always with me, to be with Jesus for my eternal life*

Inserted by Jose P Philip & Family

# സ്നേഹസ്മരണയ്ക്ക്

## ഒന്നാം ചരമവാർഷികം



# മേഴ്സി സെബാസ്റ്റ്യൻ

## തായങ്കേരി

ജനനം:22.10.1958

മരണം : 11.01.2018

## സ്നേഹസ്മരണയ്ക്ക്

**27-ാം ചരമവാർഷികം**



# കുര്യൻ വർക്കി
## കണ്ടത്തിൽ

കണ്ടത്തിൽ കുടുംബാംഗങ്ങൾ

Daminaans Mercatus Pvt. Ltd.

MOTILAL OSWAL
Investment Services

## ONE STOP SOLUTION PROVIDER FOR ALL YOUR FINANCIAL NEEDS




To know more contact

9746300277

dmpvltd@gmail.com

Daminaans Mercatus Pvt. Ltd.^ 38/852C, Pallippadan Highlight, Opp. St. George Church, Edappally- 682024

Motilal Oswal Securities Ltd. (MOSL)* Member of NSE, BSE, MCX, NCDEX, CIN no.: U65990MH1994PLC079418.
Registered Office Address: Motilal Oswal Tower, Rahimtullah Sayani Road, Opposite Parel ST Depot, Prabhadevi, Mumbai-400025; Tel No.: 022-3980 4263; Website www.motilaloswal.com. Correspondence Adds: Palm Spring Centre, 2nd Floor, Palm Court Complex, New Link Road, Malad (West), Mumbai- 400 064. Tel No: 022 3080 1000. Registration Nos.: Motilal Oswal Securities Ltd. (MOSL)*: INZ000158836 (BSE/NSE/MCX/NCDEX); CDSL: IN-DP-16-2015; NSDL: IN-DP-NSDL-152-2000; Research Analyst: INH000000412. AMFI: ARN 17397; Investment Adviser: INA000007100; IRDA Corporate Agent: CA0541. Motilal Oswal Asset Management Company Ltd. (MOAMC): PMS (Registration No.: INP000000670); PMS and Mutual Funds are offered through MOAMC which is group company of MOSL. Motilal Oswal Wealth Management Ltd. (MOWML): PMS (Registration No.: INP000004409) is offered through MOWML, which is a group company of MOSL. Motilal Oswal Securities Ltd. is a distributor of Mutual Funds, PMS, Fixed Deposit, Bond, NCDs, Insurance Products and IPOs. Real Estate is offered through Motilal Oswal Real Estate Investment Advisors II Pvt. Ltd. which is a group company of MOFSL. Private Equity is offered through Motilal Oswal Private Equity Investment Advisors Pvt. Ltd which is a group company of MOFSL. Research & Advisory services is backed by proper research. Please read the Risk Disclosure Document prescribed by the Stock Exchanges carefully before investing. There is no assurance or guarantee of the returns. Details of Compliance Officer: Name: Neeraj Agarwal, Email ID: na@motilaloswal.com, Contact No.:022-38281085. * MOSL has been amalgamated with Motilal Oswal Financial Services Limited (MOFSL) w.e.f August 21, 2018 pursuant to order dated July 30, 2018 issued by Hon'ble National Company Law Tribunal, Mumbai Bench. The existing registration no(s) of MOSL would be used until receipt of new MOFSL registration numbers. ^Business Partner is an Authorized Person of Motilal Oswal Securities Ltd. Trade Name - ^Daminaans Mercatus Pvt. Ltd. NSE registration number:AP0297113523.

**Investment in securities market are subject to market risks, read all the related documents carefully before investing.**



## Do You Need A driver For Your Car ?

24 HOUR SERVICE

# UNITED GROUP INTERNATIONAL

TOURS & TRAVELS

B.K MENON ROAD ,EDAPALLY, KOCHI

8086002747,6235844155




TAXI 24 HOUR

OUR SERVICES

CITY Drive, STAY In Trip
LONG DROP Any Whare In India
VALET PARKING Drivers
AUTOMATIC MANUAL, and LUXURY Experts
we provide Own CAR Learning with Our Driver

# വിവാഹവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



1. വിവാഹാർത്ഥി ഇടവകയ്ക്ക് പുറത്ത് ജോലി/പഠനം പ്രമാണിച്ച് ആറുമാസത്തിൽ കൂടുതലായി താമസി ക്കുന്ന ആളാണെങ്കിൽ അവിടെത്തെ വികാരിയച്ചന്റെ പക്കൽ നിന്ന് എൻഒസി (Free State Certificate) വാങ്ങി കൊണ്ടുവരേണ്ടതാണ്. പള്ളി ഇല്ലാത്ത ഇടമാണെങ്കിൽ സ്ഥാപന ഉടമയുടെ പക്കൽ നിന്നായാലും മതി.

2. വിവാഹ ഒരുക്ക കോഴ്സ് മനസ്സമ്മതത്തിനു മുമ്പ് കൂടിയിരിക്കണം. വിദേശത്തുള്ളവർ അവിടെ നടത്തുന്ന കോഴ്സ് കൂടിയാലും മതിയാകും. നമ്മുടെ രൂപതകളിൽ നടത്തുന്ന കോഴ്സിൽ കൂടുന്നതാണ് അഭികാമ്യം.

3. മനസ്സമ്മതത്തിനു മുമ്പ് നമസ്കാരം കേൾപ്പിക്കേണ്ടതാണ്. നമസ്കാരം കേൾപ്പിക്കാൻ വരുമ്പോൾ 10, 12 ക്ലാസ്സുകൾ വരെ വേദപാഠം പഠിച്ച സർട്ടിഫിക്കറ്റുകൾ കൊണ്ടുവരേണ്ടതാണ്.

4. മനസ്സമ്മതം കഴിഞ്ഞിട്ട് 3 ഞായറാഴ്ച വിവാഹം പരസ്യം ചെയ്യാൻ സമയം ഉണ്ടായിരിക്കുന്നതാണ് നല്ലത്. മന സ്സമ്മതത്തിനും വിവാഹത്തിനുമിടയ്ക്ക് മൂന്നു ഞായറാഴ്ച കിട്ടുന്നില്ലെങ്കിൽ വിവാഹപരസ്യം മനസ്സമ്മത ത്തിനു മുമ്പേ തുടങ്ങാൻ അനുവാദം വാങ്ങിക്കേണ്ടതാണ്.

5. മനസ്സമ്മതമോ വിവാഹമോ നമ്മുടെ പള്ളിയിൽ വച്ചു നടത്തുമ്പോൾ
   a) വികാരിയച്ചന്റെ ഡയറിയിൽ കുറിപ്പിക്കണം
   b) ഫ്രണ്ട് ഓഫീസിലുള്ള പ്രോഗ്രാം ഡയറിയിൽ തീയതിയും സമയവും കുറിപ്പിക്കണം.
   c) പള്ളിയിലെ ഹാൾ ആണ് ഉപയോഗിക്കുന്നതെങ്കിൽ പള്ളി ഓഫീസിലുള്ള ഹാൾ ബുക്കിംഗ് ഡയറിയിലും കുറിപ്പിക്കണം.

6. തിരുക്കർമ്മങ്ങൾക്കായി മണവാളനും മണവാട്ടിയും വരുമ്പോൾ മാന്യമായി വസ്ത്രം ധരിച്ചിരിക്കണം. പള്ളി യകത്ത് ഗ്രൂംസ് മെൻ, ഫ്ളവർ ഗേൾസ് ഇവരെ അനുവദിക്കുന്നതല്ല


7. വിവാഹാർത്ഥികൾ വിവാഹത്തിന് രണ്ടു ദിവസം മുമ്പ് കെട്ടുകുമ്പസാരം നടത്താൻ ശ്രദ്ധിക്കണം. അവ രോടൊപ്പം അവരുടെ മാതാപിതാക്കളും സഹോദരങ്ങളും കുമ്പസാരിക്കുന്നത് നല്ലതാണ്.

8. പുറം ഇടവകയിൽ വിവാഹം നടക്കുമ്പോൾ അവിടെ നിന്ന് വിവാഹ സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടുവരേണ്ടതും പള്ളി റെക്കോഡിലും കുടുംബ രജിസ്റ്ററിലും വിവരം ചേർക്കേണ്ടതുമാണ്. ഇവിടെ വിവാഹം നടക്കുമ്പോഴും കുടുംബ രജിസ്റ്ററിൽ ആ വിവരം ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## മിഷൻ സൺഡേയും ഉല്പന്നപിരിവും

മിഷൻ സൺഡേയോടനുബന്ധിച്ച് ഉല്പന്നപിരിവിനായി നമ്മുടെ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠി ക്കുന്ന കുട്ടികളെയാണ് വിട്ടത്. ഓരോ കുടുംബയൂണിറ്റിലെയും കുട്ടികൾ അവരവരുടെ യൂണിറ്റിൽ ഉള്ള വീടുകളിൽ പോയി. യൂണിറ്റു ഭാരവാഹികൾ വീടുകൾ കാണിച്ചു കൊടുക്കാനും കുട്ടികളെ സഹാ യിക്കാനും ഉണ്ടായിരുന്നു. ഓരോ വീട്ടിൽ നിന്നും കിട്ടിയ തുകയും ഉല്പന്നങ്ങളും എത്ര/ഏവ എന്ന് കുട്ടികൾ കണക്ക് എഴുതി സൂക്ഷിച്ച് പള്ളിയിൽ ഏല്പിച്ചു. ഓരോ യൂണിറ്റിൽ നിന്നും കിട്ടിയ തുക എത്ര എന്ന് ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. ക്യാഷ് ആയി 378256 രൂപയും ലേലം ഇനത്തിൽ 35110 രൂപയും ലഭിച്ചു. സഹകരിച്ച വീട്ടുകാർക്കും ഉല്പന്നപിരിവിനുപോയ കുട്ടികൾക്കും അവരെ സഹായിച്ച ഭാരവാഹികൾക്കും നന്ദി പറയുന്നു.

# ലോഗോസ് ക്വിസ് റിസൾട്ട് – 2018



### എ ഗ്രൂപ്പ്

| | |
|---|---|
| 01. വാഴപ്ലാംകുടി റോയി അനീറ്റ മരിയ | 74 |

### ഗ്രൂപ്പ് ബി

| | |
|---|---|
| 01. പാലക്കാപ്പിള്ളി പൈജു കിരൺ | 77 |
| 02. കിണറ്റിങ്കൽ ഡേവിസ് നേഹ | 71 |

### ഗ്രൂപ്പ് സി

| | |
|---|---|
| 01. കാനേക്കാട്ടിൽ അലീന ജോർജ് | 77 |
| 02. സിസ്റ്റർ ലിയ ജോസ് എസ്എബിഎസ് | 76 |
| 03. പരവര ദ്വയ ജോസഫ് | 76 |

### ഗ്രൂപ്പ് ഡി

| | |
|---|---|
| 01. കിണറ്റിങ്കൽ റോഷ്ണി ഡേവിസ് | 89 |
| 02. മാളിയേക്കൽ ആനി തോമസ് | 85 |
| 03. വാലയിൽ ലിമ സിജോ | 82 |
| 04. പുതുശ്ശേരി ജിഷ അവറാച്ചൻ | 81 |
| 05. ഞാണക്കൽ വിവേക സേവ്യർ | 80 |
| 06. പുലിക്കോട്ടിൽ ഡെന്നി | 78 |
| 07. കമ്മട്ടിൽ നിമ്മി ജോമി | 78 |
| 08. തെക്കേകര ബെൻസി ജിനു | 78 |
| 09. കുഴിപ്പള്ളിൽ ഡെയ്സി ഷൈജു | 77 |
| 10. പുത്തൻപുരയ്ക്കൽ ഷിഫ്രി ജോജോ | 77 |
| 11. സിസ്റ്റർ അൻസ പുതുശ്ശേരി SABS | 75 |
| 12. ഷോളമ്മ ജോസ് | 74 |
| 13. സിസ്റ്റർ ലീമ റോസ് SABS | 74 |
| 14. ആനാംതുരുത്തി ലക്സി ജോസ് | 71 |
| 15. ആനാംതുരുത്തി റോജ യേശുദാസ് | 71 |
| 16. പാലക്കാപ്പിള്ളി നിധി വർഗീസ് | 70 |
| 17. സിസ്റ്റർ ഹെലന SABS | 70 |

### ഗ്രൂപ്പ് ഇ

| | |
|---|---|
| 01. കൊച്ചുറാണി അഗസ്റ്റിൻ ഇടാട്ടേൽ<br>5th Rank | 91 |
| 02. കാനേക്കാട്ടിൽ മേഴ്സി ജോർജ്<br>5th Rank | 91 |
| 03. അമരിക്കാട്ട് ലത ലൂക്കോസ് | 87 |
| 04. ഇലവുതിക്കൽ ഡെൽസി ഫ്രാൻസിസ് | 86 |
| 05. സിസ്റ്റർ ട്രീസ പാറേക്കാട്ടിൽ SABS | 85 |
| 06. പാലക്കാപ്പിള്ളി ഗ്രേസി കുര്യാക്കോസ് | 85 |
| 07. കളപ്പുരയിൽ സെലിനാമ്മ വർഗീസ് | 85 |
| 08. കൊമ്പൻ സ്റ്റെല്ല | 81 |
| 09. നലിയകൊരട്ടിയിൽ റോസിലി വർഗീസ് | 81 |
| 10. കാനേക്കാട്ടിൽ ജോർജ്കുട്ടി | 78 |
| 11. അമ്പൂക്കൻ ആനറ്റ് ജോസ് | 77 |
| 12. കുരുവിനാകുന്നേൽ റീന ടോം | 74 |
| 13. നെൽപ്പുരപ്പറമ്പിൽ ലാലി ജോർജ് | 73 |
| 14. കരിപ്പുറം ബേബി ജോർജ് | 73 |
| 15. മാഞ്ഞൂരാൻ വൽസ ജോസ് | 72 |
| 16. ഇലഞ്ഞിക്കൽ ആൽഫി ജോജി | 71 |

### ഗ്രൂപ്പ് എഫ്

| | |
|---|---|
| 01. തെക്കേത്തറ സെലിൻ ഫ്രാൻസിസ് | 84 |
| 02. മലമ്മേൽ കുമാരി ജോർജ് | 83 |
| 03. തോട്ടുങ്കൽ ആലീസ് സെബാസ്റ്റ്യൻ | 83 |
| 04. കരേടൻ പെണ്ണമ്മ അന്തപ്പൻ | 81 |
| 05. വാഴപ്പിള്ളി മോളി ജോണി | 80 |
| 06. ശാന്തമ്മ ചെറിയാൻ | 79 |
| 07. സിസ്റ്റർ ബ്ലസീല എസ്എബിഎസ് | 78 |
| 08. കോനിക്കര റാണി ചെറിയാൻ | 78 |
| 09. പൗലോച്ചൻ എഫ്രേം | 77 |
| 10. മാമ്പിള്ളി സാറാമ്മ പൗലോസ് | 75 |
| 11. പുളിവ്ലിൽ മറിയാമ്മ തോമസ് | 75 |
| 12. ആലക്കളത്തിൽ സുബാഷ് ജോർജ് | 73 |
| 13. ആലക്കളത്തിൽ ലീലാമ്മ സുബാഷ് | 71 |

# മദേഴ്സ് കോർണർ



## ചോക്കലൈറ്റ് ബാൾസ്

| | |
|---|---|
| കൊക്കോ പൗഡർ | - 11/2 ടീസ്പൂൺ |
| മാരി ബിസ്ക്കറ്റ് ക്രഷ് ചെയ്തത് | - 1 1/4 കപ്പ് |
| ഡെസിക്കേറ്റഡ് കോക്കനട്ട്(തേങ്ങ പൊടി) | - 1 1/2 ടീസ്പൂൺ |
| കണ്ടൻസ്ഡ് മിൽക്ക് | - 1/4 കപ്പ് |
| പാൽ | - 1/4 കപ്പ് |
| കശുവണ്ടി ചെറുതായി നുറുക്കിയത് | - 1/4 കപ്പ് |

ഒരു വലിയ പാത്രത്തിലേക്ക് എല്ലാ ചേരുവകയും ചേർത്ത് ചപ്പാത്തി മാവിന്റെ പരുവത്തിൽ കുഴയ്ക്കുക. ശേഷം ചെറിയ ഉരുളകളാക്കി ഉപയോഗിക്കുക.

ലിജിയ ഫെബിൻ

# പുതുജീവനേകാൻ...



പുതുവർഷമായി പൊന്നോമലേ നീ
പുതു ജീവനേകാനുണർന്നിടേണം
പുതുജീവനായി പുതുമണവാളൻ
പുതുവർഷ രാവിൽ വന്നതല്ലേ
നാടും നഗരവും മാറിമറിഞ്ഞില്ലേ
നാടാകെ നഗരത്തിൽ നാട്യം നിറഞ്ഞല്ലോ
നാമറിയാതെ നമ്മുടെ ലോകം
നമ്മെ മുഴുവൻ വിഴുങ്ങിക്കഴിഞ്ഞു
നോട്ടുകൾ മാറിയും, ദുരന്തങ്ങൾ പിന്നിട്ടും
നാമിന്നു നഗരത്തിൽ വാണിടുന്നു
എന്തിനീ ജാള്യത എന്തിനീ മ്ലാനത
ഒന്നു തുറക്കു നിൻ മാനസത്തെ
കാരുണ്യമുണ്ട് കരുണാർദ്രനാഥന്
കാക്കുമവനെന്നും സ്നേഹവായ്പായ്
അപരനെ കാണട്ടെ ഹൃദയം തുറക്കട്ടെ
പങ്കിടൂ സൗഹൃദം സ്നേഹവായ്പായ്

**ആഗ്നസ് ലിജോ**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

# ഇടവക വാർത്തകൾ

## എം.എ.ജെ ആസ്പത്രി ചികിത്സാ ഇളവ്

ദേവാലായ സ്ഥാപനമായ എം.എ.ജെ. ആസ്പത്രിയിൽ ഇടവകാംഗങ്ങൾക്ക് ചികിത്സാചെലവിൽ 10% ഇളവു നൽകാനും ഇടവക അതിർത്തിയിൽ താമസിക്കുന്ന ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് 5% ഇളവു നൽകുന്നതിനും തീരുമാനിച്ചു. ഇടവകാംഗങ്ങൾ കുടുംബ രജിസ്റ്ററിന്റെ ശരിപകർപ്പും മറ്റുള്ളവർക്ക് യൂണിറ്റ് ഭാരവാഹികളുടെ ശുപാർശകത്തും ഹാജരാക്കിയാൽ ഈ ഇളവ് ലഭ്യമാണ്.

## ജപമാല മാസം

ഒക്ടോബർ മാസം ജപമാല മാസമായി ആചരിച്ചു. 1-ാം തിയതി മുതൽ 10-ാം തിയതി വരെ പഴയ ദേവാലയത്തിൽ രാവിലെ 5.30ന് ദിവ്യബലിയും കൊന്തയും വാഴ്‌വും ഉണ്ടായിരുന്നു. ദിനംപ്രതി രണ്ടു കുടുംബ യൂണിറ്റുകൾ വീതം ഇതിന് നേതൃത്വം നൽകി. 11-ാം തിയതി തുടങ്ങി 20 വരെ തെക്കെപള്ളിയിൽ വൈകുന്നേരം 6 മണിക്ക് കൊന്തനമസ്ക്കാരം നടത്തി. 22-ാം തിയതി മുതൽ 31 വരെ വൈകുന്നേരം 5.30ന് പുതിയ ദേവാലയത്തിൽ ദിവ്യബലിയും ജപമാലയും വാഴ്‌വും ഉണ്ടായിരുന്നു. കുടുംബയൂണിറ്റുകളും സെൻട്രൽ കമ്മിറ്റിയും വിവിധ ദിവസങ്ങളിലായി ഇതിന് നേതൃത്വം നൽകി. സമാപന ദിവസമായ ഒക്ടോബർ 31ന് സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ നേർച്ച കഞ്ഞിയും ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ പായസവിതരണവും നടത്തി. അന്നേ ദിവസം പാരിഷ്ഹാളിൽ മാതാവിന്റെ മാദ്ധ്യസ്ഥശക്തിയെ ആസ്പദമാക്കിയുള്ള 'സൂര്യപുത്രി'യെന്ന നാടകം അവതരിപ്പിച്ചു.

## വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

ഒക്ടോബർ 1-ാം തീയതിയാണ് വി. കൊച്ചുത്രേസ്യയുടെ തിരുനാൾ. ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച രാവിലെ 7 മണിക്ക് തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയും പ്രദക്ഷിണവും ഉണ്ടായിരുന്നു.

## സകല മരിച്ചവരുടെയും ഓർമ്മ

നവംബർ മാസം നമ്മളിൽ നിന്നും മരണം വഴി വേർപിരിഞ്ഞ ബന്ധുമിത്രാദികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി. 1-ാം തിയതി രാവിലെ സിമിത്തേരിയിൽ മരിച്ചവർക്കുവേണ്ടിയുള്ള ദിവ്യബലിയും ഒപ്പീസും നടത്തി. സമാപനദിവസമായ 30ന് വൈകുന്നേരം ആഘോഷമായ ദിവ്യബലിയും ഒപ്പീസും സിമിത്തേരി വെഞ്ചെരിപ്പും നടത്തി. പോയ വർഷം നമ്മളിൽ നിന്നും വേർപിരിഞ്ഞവരുടെ കുഴിമാടങ്ങളിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു. ഇതോടനുബന്ധിച്ച് സിമിത്തേരി വളരെ മനോഹരമായി നവീകരിക്കുകയുണ്ടായി.

## വിവാഹ രജത-സുവർണ്ണ ജൂബിലി

ഇടവകയിൽ വൈവാഹിക ജീവിതത്തിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർക്ക് സ്വീകരണം നല്കി. നവംബർ 11-ാംതിയതി രാവിലെ ഏഴുമണിക്കുള്ള ദിവ്യബലി ജൂബിലിയേറിയന്മാർക്കായി സമർപ്പിച്ചു. വികാരി അച്ചൻ അവരെ അനുമോദിച്ചു സംസാരിച്ചു, പ്രത്യേകം അവർക്കുവേണ്ടി പ്രാർത്ഥിച്ചു. തുടർന്ന് സ്നേഹവിരുന്നും സ്വീകരണവും നല്കി. 18 ദമ്പതികൾ പങ്കെടുത്തു.

## വാർഷിക ധ്യാന ഒരുക്ക പ്രാർത്ഥന

ജനുവരി 21 മുതൽ 25 വരെ നടത്തുന്ന വാർഷിക ധ്യാനത്തിന് ഉണർവ്വും ദൈവകൃപയും ഉണ്ടാകുന്നതിനും വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10 മുതൽ 12.30 വരെ നട

ത്തുന്നു. തുടർന്ന് പുതിയ ദേവാലയത്തിൽ ദിവ്യബലിയും അർപ്പിക്കുന്നു. എല്ലാ കുടുംബങ്ങളിലും ധ്യാനത്തിന് ഒരുക്കമായുള്ള പ്രാർത്ഥന നടത്തുന്നു.

## ക്രിസ്തുരാജന്റെ തിരുനാൾ

നവംബർ 25-ാം തിയതി ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. വിശ്വാസപരിശീലന വാർഷികവും ഈ ദിവസം നടത്തി. മതബോധന റാലി, പൊതുസമ്മേളനം, കുട്ടികളുടെ കലാപരിപാടികൾ എന്നിവയും ഉണ്ടായിരുന്നു. ലോഗോസ് ക്വിസിൽ 70% മാർക്ക് വാങ്ങിയ കുട്ടികൾക്ക് സമ്മാനങ്ങളും നല്കി.

## ദമ്പതിസംഗമം

ഡിസംബർ 1 ന് ദമ്പതികളുടെ സംഗമം പാരീഷ് ഹാളിൽ നടത്തി. ഫൊറോന തലത്തിലാണ് ഈ സംഗമം സംഘടിപ്പിച്ചിരുന്നത്. 260 ദമ്പതികൾ പങ്കെടുത്തു.

## ക്രിസ്തുമസ്സ്

പ്രളയദുരിത പശ്ചാത്തലത്തിൽ ഈ വർഷവും കരോൾ, പുൽകൂട് മത്സരങ്ങൾ ഉണ്ടായിരുന്നില്ല.

## ലോഗോസ് ക്വിസ്സ് ജേതാക്കൾ

ലോഗോസ് ക്വിസ്സിൽ നമ്മുടെ ഇടവകയിൽ നിന്നും 70 മാർക്കിൽ കൂടുതൽ കരസ്ഥമാക്കിയവരുടെ പേരുകൾ ഈ ലക്കത്തിൽ കൊടുത്തിട്ടുണ്ട്. അവർക്ക് ഞായറാഴ്ച കുർബാന മദ്ധ്യേ സമ്മാനങ്ങൾ നൽകുകയുണ്ടായി. ലോഗോസ് ക്വിസ്സ് വിജയികൾക്കും സമ്മാനാർഹർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

## ശാലോ ഫെസ്റ്റിവൽ

ആത്മാവിനെ ഉണർത്തുന്ന, ജീവിതവഴികളെ പ്രകാശിപ്പിക്കുന്ന രോഗാതുരമായ ശരീരത്തെ സുഖപ്പെടുത്തുന്ന ദൈവാനുഗ്രഹത്തിന്റെ കൂട്ടായ്മ "ശാലോ ഫെസ്റ്റിവൽ" ഇടപ്പള്ളി പരിഷ്ഹാളിൽ വെച്ചു നടന്നു. 2018 ഡിസംബർ 20-ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.00 മണിവരെയായിരുന്നു സമയം. ടിവിയിലെ പ്രശസ്തമായവരുടെ വചനപ്രഘോഷണങ്ങളും ആത്മാവിനെ തൊട്ടുണർത്തുന്ന സംഗീതവിരുന്നും സ്തുതിപ്പും ആരാധനയും സൗഖ്യശുശ്രൂഷയും ഉണ്ടായിരുന്നു.

## ക്രിസ്തുമസ്സ്

ക്രിസ്തുമസ്സിന് ഒരുക്കമായുള്ള കുമ്പസാരം 23, 24 തീയതികളിൽ നടന്നു. ക്രിസ്തുമസ്സിന്റെ തിരുക്കർമ്മങ്ങൾ പാതിരാ 11.45ന് ആരംഭിച്ചു. തുടർന്ന് പ്രദക്ഷിണം സെന്റ് തോമസ് കപ്പേള വരെ നടത്തി. വികാരിയച്ചൻ നേതൃത്വം നൽകി. പാതിരാകുർബാന കൂടാതെ രാവിലെ 5.45, 7.00, 8.45 എന്നീ സമയങ്ങളിലും കുർബാന ഉണ്ടായിരുന്നു. പഴയ പള്ളിയുടെ മുൻവശത്ത് ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ മനോഹരമായ പുൽക്കൂട് സജ്ജീകരിച്ചിരുന്നു.

## വർഷാവസാന-വർഷാരംഭ പ്രാർത്ഥന

ഡിസംബർ 31-ാം തീയതി രാത്രി 11.30ന് ദേവാലയത്തിൽ ആരാധനയും വർഷാവസാന പ്രാർത്ഥനയും തുടർന്ന് പുതുവർഷത്തെ സ്വാഗതം ചെയ്ത് വർഷാരംഭ പ്രാർത്ഥനയും നടത്തി.

# കുടുംബ യൂണിറ്റ് വാർഷികം

## സെന്റ് മദർ തെരേസ യൂണിറ്റ്

സെന്റ് മദർ തെരേസ യൂണിറ്റിന്റെ 6-ാംമത് വാർഷിക പൊതുയോഗം നവംബർ മാസം 24-ാം തിയതി ഔസേപ്പ് നെടിയാനിക്കുഴിയുടെ വസതിയിൽ വച്ച് ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ കാർമികത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു. പ്രസിഡന്റ് അവറാച്ചൻ പുതുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം വികാരിയച്ചന്റെ വചനസന്ദേശത്തോടുകൂടി യോഗം ഉദ്ഘാടനം ചെയ്തു. ഔസേപ്പച്ചൻ സ്വാഗതവും സെക്രട്ടറി ധനുഷ് വർഗ്ഗീസ് റിപ്പോർട്ടും അവതരിപ്പിച്ചു. ആന്റി വാല്യാകോടത്ത് വരവ് ചെലവു കണക്ക് അവതരിപ്പിച്ചു. യോഗത്തിൽ സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാൻ ജോസഫ് കരോട്ടത്തയ്യിൽ ആശംസകൾ അർപ്പിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസ്സിൽ ഉന്നതവിജയം നേടിയവർക്കും സ്ഥിരമായി യൂണിറ്റ് യോഗത്തിൽ പങ്കെടുത്തവർക്കും ലോഗോസ് ക്വിസിൽ കൂടുതൽ മാർക്ക് വാങ്ങിയവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. യോഗത്തിൽ കുടുംബാംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സീയാ ജോർജ്, എബിൻ അവരാച്ചൻ, അൽക്കാ വർക്കി, ജോയി, അവറാച്ചൻ, സുനി, ആൻസി സനുഷ്, ആൻഡ്രിയ, മുണ്ടോളിക്കൽ (ലിസ സാജോ) ആരോൺ റ്റുബി എന്നിവർ ഗാനങ്ങൾ ആലപിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും വൈസ് പ്രസിഡന്റ് സുനി റ്റുബി നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് സ്നേഹവിരുന്നോടെ യോഗം സമംഗളം പര്യാവസാനിച്ചു.

## സെന്റ് ജോസഫ് യൂണിറ്റ്

യൂണിറ്റ് വാർഷികം നവംബർ 18ന് വൈകുന്നേരം 6 മണിക്ക് കാട്ടിതറ ത്രേസ്യാമ്മ ജോണിന്റെ വസതിയിൽ വികാരി കുര്യാക്കോസ് ഇരവിമംഗലത്തിന്റെ ദിവ്യബലിയോടെ ആരംഭിച്ചു.

പ്രസിഡന്റ് ബേബി വിതയത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. സി. വിനീത, സി. ഗ്ലാഡീസ് തുടങ്ങിയവർ സംബന്ധിച്ചു. സെക്രട്ടറി സോജി കാട്ടിത്തറ വാർഷിക റിപ്പോർട്ടും ട്രഷറർ ആന്റണി അമ്പാട്ട് വരവുചെലവു കണക്കും അവതരിപ്പിച്ചു. മാത്യൂസ് അമ്പാട്ട് സ്വാഗതം പറഞ്ഞു വിവിധ മേഖലകളിൽ മികവ് തെളിയിച്ച യൂണിറ്റ് അംഗങ്ങളെ അനുമോദിച്ചു. മുതിർന്ന അംഗം അന്നകുട്ടി വർക്കി അമ്പാട്ടിനെ ആദരിച്ചു. കലാപരിപാടികളോടെയും സ്നേഹവിരുന്നോടും യോഗം സമാപിച്ചു.

## സെന്റ് തെരേസ യൂണിറ്റ്

സെന്റ് തെരേസ ഫാമിലി യൂണിറ്റിന്റെ 18-ാമത് വാർഷിക പൊതുയോഗം നവംബർ 17-ാം തീയതി ബിജു മാളിയേക്കലിന്റെ വസതിയിൽ വച്ച് ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിംഗലത്തിന്റെ കാർമ്മീകത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു.

പ്രസിഡന്റ് ഫെബിൻ വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം ബഹു. വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. ബിജു മാളിയേക്കൽ സ്വാഗതവും സെക്രട്ടറി ബിജി ഫ്രാൻസിസ് റിപ്പോർട്ടും ട്രഷറർ ലിജി ജെയിംസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

സെൻട്രൽ കമ്മറ്റി വൈസ് ചെയർമാൻ ജോസഫ് കരോട്ടതയ്യിൽ, സി. റീന എസ്എബിഎസ്, മദർ തെരേസ യൂണിറ്റ് പ്രസിഡന്റ് അവറാച്ചൻ പുതുശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജോ. സെക്രട്ടറി ആനി വർഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗത്തിൽ കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുകയും എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസുകളിൽ ഉയർന്ന വിജയം കരസ്ഥമാക്കിയവർക്കും, ലോഗോസ് ക്വിസ്സിൽ കൂടുതൽ മാർക്ക് നേടിയവർക്കും സമ്മാനങ്ങൾ നൽകുകയുണ്ടായി. സ്നേഹവിരുന്നോടെ യോഗം സമംഗളം പര്യാവസാനിച്ചു.

## ലിറ്റിൽ ഫ്ളവർ യൂണിറ്റ്

ലിറ്റിൽ ഫ്ളവർ ഫാമിലി യൂണിറ്റിന്റെ 24-ാമത് വാർഷിക പൊതുയോഗം 2018 ഒക്ടോബർ 2-ാം തിയതി ജെയിംസ് പുത്തൻപുരയ്ക്കലിന്റെ വസതിയിൽ വെച്ച് ബഹുമാനപ്പെട്ട വികാരി ഫാ. കുര്യാക്കോസ് ഇരവി മംഗലത്തിന്റെ കാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു.

പ്രസിഡണ്ട് ജോസ് തട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം ബഹുമാനപ്പെട്ട വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. ജോർജ് കല്ലൂർ സ്വാഗതവും സെക്രട്ടറി ടോമി മാളിയേക്കൽ റിപ്പോർട്ടും ജോയി പുതുശ്ശേരി വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു.

മദർ സുപ്പീരിയർ സിസ്റ്റർ ജെസ്റ്റിൻ, സിസ്റ്റർ അഷ്ളിൻ, റാണി കളത്തിൽ, ജോസ് വെട്ടിക്കൽ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ജോസ് വിതയത്തിൽ കൃതജ്ഞത പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

# ചെറുപുഷ്പ മിഷൻ ലീഗ്

പരിശുദ്ധ ജപമാല മാസത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തകർ ദിവ്യബലിയിലും ജപമാലയിലും പങ്കെടുത്ത് മാതാവിന്റെ മാദ്ധ്യസ്ഥത്തിനായി പ്രാർത്ഥിച്ചു. ജപമാല സമാപനദിവസമായ ഒക്ടോബർ 31ന് എല്ലാവർക്കും പായസ വിതരണം നടത്തി.

ക്രിസ്തുമസ്സിന് ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് പുൽക്കൂട് ഒരുക്കി. പാതിരാകുർബാനയിൽ പങ്കെടുക്കുവാൻ എത്തിയവർക്ക് സൗജന്യ സമ്മാനക്കൂപ്പണുകൾ നൽകി. സമ്മാനർഹരായവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി ക്രിസ്തുമസ്സിന്റെ മഹനീയ സന്ദേശം പങ്കുവെച്ചു.

# സി.എൽ.സി.

ഇടപ്പള്ളി സി.എൽ.സി. (2019-2020) ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് 9.12.2018 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് സഹവികാരി റവ. ഫാ. ജിന്റൊ കലയത്തിനാകുഴിയുടെ നേതൃത്വത്തിൽ പള്ളിയിൽ വച്ച് നടത്തുകയുണ്ടായി.

## പുതിയ സി.എൽ.സി. ഭാരവാഹികൾ (2019-2020)

| | |
|---|---|
| പ്രസിഡന്റ് | നിഖിൽ ജോയി ചിങ്ങംതറ |
| വൈസ് പ്രസിഡന്റ് | മെൽവിൻ വർഗ്ഗീസ്, അന്ന മെലൻഡാ മാർട്ടിൻ |
| സെക്രട്ടറി | ജെറി ബൈജു മലമ |
| ജോ. സെക്രട്ടറി | അഭിലാഷ് ജോഷി പാളിത്തോടത്തിൽ, ക്രിസ്റ്റീന ജോസഫ് |
| ട്രഷറർ | നിബിൻ ബാബു നേരിയേക്കൽ |
| ജനറൽ കോഡിനേറ്റർ | ബിനു ജേക്കബ് ഇടതോടിയിൽ, റെമി ജോസഫ് |
| ആനിമേറ്റർ | അനിൽ പാലത്തിങ്കൽ |

## സി.എൽ.സി. പ്രവർത്തന വർഷ ഉദ്ഘാടനം

എറണാകുളം - അങ്കമാലി അതിരൂപത സി.എൽ.സി. പ്രവർത്തന വർഷ ഉദ്ഘാടനം 2.12.2018 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30ന് ഇടപ്പള്ളി സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ വച്ച് നടത്തുകയുണ്ടായി. ഇടവക വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലം പതാക ഉയർത്തി പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചു. തുടർന്ന് പൊതുസമ്മേ

ഉനം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അനിൽ പാലത്തി കൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ പ്രമോട്ടർ ഫാ. തോമസ് മഴുവഞ്ചേരി, ഫൊറോന പ്രമോട്ടർ ഫാ. ജെറ്റോ തോട്ടുങ്കൽ, കൈക്കാരന്മാരായ മാർട്ടിൻ പള്ളിപ്പാടൻ, ജോയി കണ്ടത്തിൽ എന്നിവർ ആശംസകൾ നേർന്നു സംസാ രിച്ചു. വിവിധ കലാപരിപാടികൾ ചടങ്ങിന് ഭംഗികൂട്ടി. അതിരൂപതാതലത്തിൽ നടത്തിയ മത്സരങ്ങളുടെ സമ്മാന ദാനവും നടത്തി. എറണാകുളം - അങ്കമാലി അതിരൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിൽ നിന്നും ധാരാളം സി.എൽ.സി പ്രവർത്തകർ പ്രവർത്തന വർഷ ഉദ്ഘാടനത്തിൽ പങ്കെടുക്കാൻ എത്തിചേർന്നിരുന്നു.

### നേർച്ച കഞ്ഞി വിതരണം

ജപമാല സമാപനത്തോട് അനുബന്ധിച്ച് ഒക്ടോബർ 31-ാം തീയതി വൈകിട്ട് 5.30ന് നടന്ന ദിവ്യബലിക്കും ജപമാലയ്ക്കും ശേഷം പള്ളിയുടെ വശത്ത് സി.എൽ.സി.യുടെ നേതൃത്വത്തിൽ നേർച്ചകഞ്ഞി വിതരണം നടത്തി. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം നേർച്ചകഞ്ഞി വെഞ്ചെരിച്ചു. എല്ലാ സി.എൽ.സി. അംഗ ങ്ങളുടെയും സഹകരണത്തോടെയാണ് നേർച്ച കഞ്ഞി തയ്യാറാക്കിയത്. സഹായിച്ച എല്ലവാർക്കും നന്ദി.

## നവീകരണ വാർത്തകൾ

### കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

എറണാകുളം സോണിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നിന്ന് വല്ലാർപാടം ബസിലിക്കയിലേക്ക് നടത്താറുള്ള ജപമാല റാലി ഈ വർഷവും ഒക് ടോബർ 13-ാം തിയതി നടത്തുകയുണ്ടായി. രാവിലെ 10 മണിയോടെ സെന്റ് മേരീസ് ബസലിക്കാ വികാരി വെരി. റവ. ഫാ. ഡേവിസ് മാടവന ഫ്ളാഗ് ഓഫ് ചെയ്ത പദയാത്ര വല്ലാർപാടം ബസിലിക്കയിൽ എത്തി. തുടർന്ന് ആർച്ച് ബിഷപ് എമിരറ്റ്സ് ഫ്രാൻസിസ് കല്ലറക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ ദിവ്യബലിയും എറണാകുളം സോൺ ആനിമേറ്റർ റവ. ഫാ. ജോസ് പുതിയേടത്തിന്റെ ദിവ്യകാരുണ്യ ആരാധനയും ഏവർക്കും ആത്മീയമായ ഒരു പുത്തൻ ഉണർവ്വ് നൽകുവാൻ പ്രാപ്തമായിരുന്നു. നമ്മുടെ മൂന്ന് പ്രാർത്ഥനാ സമൂഹങ്ങ ളിൽ നിന്നുൾപ്പടെ 1200 ഓളം പേർ പങ്കാളികളായി.

## മിഷൻ വാർത്തകൾ

എറണാകുളം സോൺ ഏറ്റെടുത്ത ജമ്മുകാഷ്മീരിലേക്ക് ശുശ്രൂഷകൾക്കായി 16 അംഗങ്ങൾ അടങ്ങുന്ന മൂന്നാമത്തെ ബാച്ച് ഒക്ടോബർ 16 മുതൽ 27 വരെ പോകുകയുണ്ടായി. ഇടപ്പള്ളി പ്രയർ ഗ്രൂപ്പ് അംഗമായ തോമസ് ഈറപ്പാക്കലിന് രണ്ടാം പ്രാവശ്യവും പോകുന്നതിന് അവസരം ലഭിച്ചു.

കെസിബിസി കരിസ്മാറ്റിക് കമ്മീഷന്റേയും നവീകരണത്തിന്റെ ദേശീയ സേവനസമിതിയുടെയും കേരള കരി സ്മാറ്റിക് സേവന സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒക്ടോബർ 18 മുതൽ 21 വരെ ഡിവൈൻ ഇംഗ്ലീഷ് സെക്ഷനിൽ വെച്ച് പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫ്രൻസ് PUSH (Pray Until Something Happens) നടത്തുകയുണ്ടായി. ഭാരതത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ സുസ്ഥിതിക്കുവേണ്ടിയും ഭാരതസഭക്കും കേരളസഭക്കു വേണ്ടിയും പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന ഉയർത്തുകായിരുന്നു മുഖ്യനിയോഗം. 1800 ഓളം പേർ പങ്കെടുത്ത പ്രസ്തുത സംരഭത്തിൽ ഇടപ്പള്ളി ഇടവകയിൽ നിന്നും നിരവധി പേർ പങ്കാളികളായി.

# യൂദിത്ത് ഫോറം

24.11.2018-ൽ രാവിലെ 9.30ന് അംഗങ്ങളുടെ മരിച്ചുപോയ ഭർത്താക്കന്മാരുടെ മോക്ഷപ്രാപ്തിയ്ക്ക് വേണ്ടി ബഹു. ജിന്റോ കലയന്താനിയച്ചൻ ദിവ്യബലി അർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ദിവ്യബലിക്കായി വന്നിരുന്ന എല്ല വിധവകളും കാഴ്ചസമർപ്പണം നടത്തുകയും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ രൂപതാ കോഡിനേറ്റർ ഷൈനി തോമസിന്റെ ക്ലാസ്സും ബഹു. വികാരിയച്ചന്റെ സന്ദേശവും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള ഓരോ പരിപാടികളും ജീവിതത്തെ ആത്മീയതയിൽ വളർത്തുന്ന അനുഭവം ആയിരുന്നു എന്നും പങ്കെടുത്ത വ്യക്തികൾ പറഞ്ഞു. 33 അംഗങ്ങൾ പങ്കെടുത്തു. ലോഗോസ് ക്വിസ് പരീക്ഷ എഴുതിയ യൂദിത്ത് ഫോറം അംഗങ്ങൾക്ക് ഫസ്റ്റും, സെക്കന്റും തേർഡും ബാക്കി എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും ബഹു. വികാരിയച്ചൻ നൽകി. ഏകദേശം '2' മണിയോടെ മീറ്റിംഗ് സമാപിച്ചു. നവംബർ മാസത്തിൽ കാലടി ജീവാലയ ഫാമിലി പാർക്കിൽ വച്ച് വിധവകൾക്കായി ധ്യാനം ഉണ്ടായിരുന്നു. ഇടവകയിലെ യൂദിത്ത് ഫോറത്തിലെ ഒരാൾ ധ്യാനത്തിൽ പങ്കെടുത്തു. സന്തോഷമായി തിരിച്ചു വന്ന വ്യക്തി നമ്മുടെ കൂട്ടായ്മയെ വളർത്താൻ ഉതകുന്നതാണ് പ്രസ്തുത ധ്യാനം എന്നു പറഞ്ഞുകൊണ്ട് അനുഭവങ്ങൾ പങ്കുവച്ചു.

8.11.2018 യൂദിത്ത് ഫോറം കോർഡിനേറ്ററായി വത്സാ മാഞ്ഞൂരാനെയും, സെക്രട്ടറിയായി സൂസൻ സണ്ണിയെയും തെരെഞ്ഞെടുത്തു. ബഹു. വികാരിയച്ചൻ മാതാവിന്റെ അമലോത്ഭവ തിരുനാൾ മംഗളങ്ങൾ നേരുകയും ക്രിസ്തുമസ്സ് കേക്കു മുറിച്ച് ആശംസകൾ നൽകുകയും ചെയ്തു. സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേർന്നു. കോർഡിനേറ്റർ ഏവർക്കും നന്ദി പറഞ്ഞു. വൈരുദ്ധ്യത്തിന്റെ നിറക്കൂട്ടുകൾ ചാലിച്ചെഴുതിയ ചിത്രമാണ് കാത്തിരിപ്പിന്റേത്. കാത്തിരിപ്പിൽ, സുഖമുണ്ട്, ദുഃഖമുണ്ട്, പ്രതീക്ഷയുണ്ട്, നിരാശയുണ്ട്, ഒരുക്കമുണ്ട്. ഞെരുക്കമുണ്ട്. അത് ചിലരെ തളർത്തുന്നു. ചിലരെ വളർത്തുന്നു. ഏവർക്കും ക്രിസ്തുമസ്സ് പുതുവത്സര ആശംസകൾ.

# ഗ്രെയ്സ് റിപ്പിൾസ്

## ദമ്പതീ കോൺഫറൻസ്

എറണാകുളം-അങ്കമാലി അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഭാഗമായ ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 1200 ഓളം (600 ദമ്പതികൾ) പേർ പങ്കെടുത്തു. 6-ാമത് ഗ്രേസ് റിപ്പിൾസ് ദമ്പതീ കോൺഫറൻസ് (സൗത്ത് മേഖല) ഇടപ്പള്ളി സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ അഭി. മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഇടവകകളിൽ കൃപയുടെ അലകൾ തീർക്കുന്ന തിരുകുടുംബങ്ങളെ വാർത്തെടുക്കുന്ന ഗ്രേയ്സ് റിപ്പിൾസ് ദമ്പതികളുടെ കോൺഫറൻസ് തിരുകുടുംബം രൂപപ്പെട്ട മംഗളവാർത്താകാലത്തു തന്നെ നടക്കുന്നത് ഏറെ ഉചിതമാണെന്നും തിരുവിവാഹിതർ വെറും ആടുകൾ മാത്രമല്ല ഗാർഹിക സഭയാകുന്ന കുടുംബത്തിൽ ഇടയനെന്നപോലെയും ഇടവകകളിൽ ഇടയനായ വൈദീകനോട് ചേർന്ന് സഹകാരികളായും പ്രവർത്തിക്കുവാൻ ബാധ്യസ്ഥരാണെന്നും പിതാവ് പറയുകയുണ്ടായി. കുടുംബപ്രേഷിത വിഭാഗം അസി. ഡയറക്ടർ റവ. ഫാ. ജോയ്സൺ പുതുശ്ശേരി ഏവർക്കും സ്വാഗതം പറഞ്ഞു. യോഗത്തിൽ കുടുംബപ്രേഷിത വിഭാഗം ഡയറക്ടർ റവ. ഡോ. അഗസ്റ്റിൻ കല്ലേലി "വിവാഹിതർ സഭയിലെ സഹ ഇടയർ" എന്ന വിഷയം അവതരിപ്പിച്ചു സംസാരിച്ചു. ആദിമ സഭയിൽ വി. ആഗസ്റ്റീനോസ് ഇടയനായിരുന്നതുപോലെ ദമ്പതികൾക്കും കുടുംബത്തിലും കുടുംബങ്ങളുടെ കുടുംബമായ ഇടവകയിലും ഇടയധർമ്മുണ്ടെന്നും തിരുവിവാഹിതർ ദൈവത്താൽ നിയോഗിക്കപ്പെട്ട സഹ ഇടയർ ആകുന്നത് എങ്ങനെയെന്നും വിഷയം അവതരിപ്പിച്ചുകൊണ്ട് ഡോ. കല്ലേലി സംസാരിച്ചു. ഇടപ്പള്ളി ഫൊറോനാ വികാരി റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം ആശംസകൾ നേർന്നു.

